തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# തദ്ദേശകം

മാർച്ച് 2025

പുസ്തകം 1 ലക്കം 2




## കേരളത്തെ സ്മാർട്ടാക്കാൻ

# കെ-സ്മാർട്ട്

## സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ  സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ  പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ് നമ്പറിൽ
അറിയിക്കാം.



തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

മാർച്ച് 2025 പുസ്തകം 1 ലക്കം 2

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിജയഗാഥകൾ തുടരുകയാണ്. 2025 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മാലിന്യമുക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു. നവകേരളത്തിലേക്കുള്ള ചുവടുകൾക്ക് ആക്കം കൂട്ടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നിൽ നിന്നും നയിക്കുന്ന ചരിത്രപരമായ മികവിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്.

ഡിജിറ്റൽ കേരളത്തിലേക്കുള്ള മുന്നേറ്റത്തിനും തദ്ദേശ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുകയാണ്. ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ രൂപം നൽകിയ കെ - സ്മാർട്ട് സോഫ്റ്റ് വെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ പൗരൻമാർക്ക് ഓഫീസുകളിൽ എത്താതെ തന്നെ നൽകുന്ന സ്മാർട്ട് കേരളത്തിലേക്കാണ് നമ്മെ കൊണ്ടു പോകുന്നത്. കെ - സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിങ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ സേവന മേഖലയിലുണ്ടാക്കിയ കുതിച്ചു ചാട്ടം വലുതാണ്. സുഗമവും സുതാര്യവുമായ സേവനങ്ങൾ ലോകത്തിന്റെ ഏത് ഭാഗത്തിരുന്നും കേരളത്തിലെ ഒരു പൗരന് ലഭിക്കാനുള്ള സവിശേഷമായ സാഹചര്യമാണ് ഇന്നുള്ളത്. കെ സ്മാർട്ടിലൂടെ ലഭ്യമാകുന്ന വിവിധ സേവനങ്ങളെ കുറിച്ച് ഈ ലക്കം തദ്ദേശകത്തിൽ വിശദമായി പറയുന്നുണ്ട്.

2024 ജനുവരി ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ കെ സ്മാർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. കെ -സ്മാർട്ട് ആദ്യഘട്ടത്തിൽ കേരളത്തിലെ ആറ് കോർപ്പറേഷനുകളിലും 87 മുൻസിപ്പാലിറ്റികളിലുമാണ് ആരംഭിച്ചത്. ഇതുവഴി കേരളത്തിലെ 93 അർബൻ ലോക്കൽ ബോഡികളുടെയും പ്രവർത്തനം ഓൺലൈൻ ആയി മാറി. തിരുവനന്തപുരം ജില്ലാപഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് തിരുവനന്തപുരത്തെ കരകുളം ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിൽ 2025 ജനവരി ഒന്നിന് കെ-സ്മാർട്ട് ആരംഭിച്ചു.

2025 ഏപ്രിൽ പത്ത് മുതൽ കേരളത്തിലെ 14 ജില്ലാ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 941 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ കൂടി കെ സ്മാർട്ട് പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ ഓരോ പൗരനും വിരൽത്തുമ്പിൽ അഴിമതിരഹിത സേവനം ലഭ്യമാവും.

സംസ്ഥാനത്തെ കെട്ടിടങ്ങൾക്ക് ഡിജിറ്റൽ പിൻ നമ്പർ നൽകാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. കൂടാതെ സംരംഭകരെ പിന്തുണക്കാനും കിടപ്പിലായ രോഗികളെ സഹായിക്കുന്ന പാലിയേറ്റീവ് കെയർ മേഖലയിലും തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടേതായ പങ്ക് വഹിക്കുന്നുണ്ട്.

വിവിധ വകുപ്പുകളുമായി സഹകരിച്ച് പൊതുജനങ്ങൾക്ക് പരമാവധി മികച്ച സേവനം ഉറപ്പ് വരുത്തി മുന്നോട്ട് പോവുകയാണ് തദ്ദേശ സ്വയംഭരണ വകുപ്പ്.

**ദീപ കെ.**
എഡിറ്റർ

**ഉപദേശകസമിതി**

**ചെയർമാൻ**
എം. ബി. രാജേഷ്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**കൺവീനർ**
സീറാം സാംബശിവ റാവു ഐ.എ.എസ്.
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

**അംഗങ്ങൾ**
ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ.വ.
ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ)
സൂരജ് ഷാജി ഐ.എ.എസ്.
ഡയറക്ടർ, എൽ എസ് ജി ഡി (അർബൻ)
എ. നിസാമുദ്ദീൻ ഐ.എ.എസ്.,
ഡയറക്ടർ, കില
ഷിജി ഇ. ചന്ദ്രൻ, ചീഫ് ടൗൺ പ്ലാനർ
സന്ദീപ് കെ. ജി., ചീഫ് എഞ്ചിനിയർ
എം.പി. അജിത് കുമാർ, അഡിഷണൽ ഡയറക്ടർ
കെ.എം. ഉഷ
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
ബി.പി. മുരളി,
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
കെ.ജി. രാജേശ്വരി
ചെയർപേഴ്സൺ,
ജില്ലാ പഞ്ചായത്ത് പ്രസിഡൻസ് ചേംബർ
എം. കൃഷ്ണദാസ്
ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ
അനിൽകുമാർ എം.
പ്രസിഡന്റ്, മേയേർസ് കൗൺസിൽ
സെക്രട്ടറി,
പ്രസ്ക്ലബ്ബ്, തിരുവനന്തപുരം
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

**എഡിറ്റർ**
ദീപ കെ.
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ
& പബ്ലിക് റിലേഷൻസ്

**അസിസ്റ്റന്റ് എഡിറ്റർ**
ദിനിൽ ആർ.
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

**സർക്കുലേഷൻ മാനേജർ**
ജയപ്രകാശ് കെ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ആഫീസർ

**കവർ & ലേ ഔട്ട്**
ദീപക് മൗത്താട്ടിൽ

**ഓഫീസ്**
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി. ഒ., തിരുവനന്തപുരം 03
ribkerala@gmail.com
lsgdpr2024@gmail.com








# ഉള്ളടക്കം


06 കേരളത്തെ സ്മാർട്ടാക്കാൻ കെ- സ്മാർട്ട് സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ

16 തദ്ദേശ ദിനാഘോഷം 2025

24 തദ്ദേശഭരണ സ്ഥാപനങ്ങൾ – പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചാലകശക്തി

27 അക്ഷരവെളിച്ചമായി 'ദീപ്തി' ബ്രെയിലി സാക്ഷരതാപദ്ധതി

30 കാൻസർ നിയന്ത്രണ രംഗത്തെ പോത്തൻകോട് മോഡൽ

32 സരസ് മേള 2025

38 ലോർഡ് മേയർ ടോം ആദിത്യ- യു.കെ-യിലെ മലയാളി സാന്നിദ്ധ്യം

40 തദ്ദേശ വാർത്തകൾ

# കേരളം ഡബിൾ സ്മാർട്ടാകുന്നു

Ksmart
Delivering Digital Happiness



## ഏപ്രിൽ 10 മുതൽ കെ സ്മാർട്ട് പഞ്ചായത്തുകളിലും

# ഇനി സേവനങ്ങൾ വിരൽത്തുമ്പിൽ

M.B Rajesh
MINISTER FOR LSGD&EXCISE&
PARLIAMENTARY AFFAIRS




**ഡോ. സന്തോഷ് ബാബു**

ഡയറക്ടർ, ഐ.കെ.എം.




> നിലവിലുള്ള വിവിധ സോഫ്റ്റ്‌വെയറുകൾക്ക് പകരമായി ഒറ്റ വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും എന്നതാണ് കെ-സ്മാർട്ടിന്റെ ഏറ്റവും വലിയ സവിശേഷത. തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷനാണ് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്.

# കേരളത്തെ സ്മാർട്ടാക്കാൻ കെ-സ്മാർട്ട്

## സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ

സാധാരണക്കാരന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ മുതൽ വസ്തു നികുതിയും, കെട്ടിട നിർമ്മാണ പെർമിറ്റും വരെ നിരവധിയായ ആവശ്യങ്ങൾക്ക് അതാത് തദ്ദേശ സ്ഥാപനങ്ങളെ സമീപിക്കേണ്ടതുണ്ട്. ഇത്തരം സേവനങ്ങളെല്ലാം ഇ-ഗവേർണൻസിന്റെയും സ്മാർട്ട് സർക്കാർ ഓഫീസുകളുടെയും ഭാഗമായി ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയിട്ട് ഏറെക്കാലമായെങ്കിലും അതിനെ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഏകീകൃത പ്ലാറ്റ്ഫോമൊരുക്കുകയാണ് K-SMART (കെ-സ്മാർട്ട്) അഥവാ കേരളാ സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമടക്കം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കെ-സ്മാർട്ടിലൂടെ സാധിക്കും.

നിലവിലുള്ള വിവിധ സോഫ്റ്റ്‌വെയറുകൾക്ക് പകരമായി ഒറ്റ വെബ്ബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും എന്നതാണ് കെ സ്മാർട്ടിന്റെ ഏറ്റവും വലിയ സവിശേഷത. തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി ഇൻഫർമേഷൻ

കേരള മിഷനാണ് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. കെ സ്മാർട്ട് ജനങ്ങളിലേക്ക് എത്തുന്നതോടെ തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ കൂടുതൽ സുഗമവും സുതാര്യവുമാകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൗരന്മാർക്കുള്ള സേവനങ്ങൾ ഓൺലൈനിൽ ആക്കുന്നതിനും, അതുവഴി നമ്മുടെ പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ അക്ഷരാർത്ഥത്തിൽ അവരുടെ വിരൽത്തുമ്പിൽ ലഭിക്കുന്നതിനും ഉതകുന്നവിധത്തിലാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. ഈ രീതിയിൽ മൈക്രോ സർവീസ് ആർക്കിടെക്ച്ചറിലെ ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ ഐ.കെ.എം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് കെ സ്മാർട്ട് ( K-SMART. (https://ksmart.lsgkerala.gov.in)

ആദ്യ ഘട്ടത്തിൽ കെ സ്മാർട്ട് സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന എട്ട് മൊഡ്യൂളുകളും രണ്ട് മൊബൈൽ ആപ്പും കേരളത്തിലെ ആറ് കോർപ്പറേഷനുകളിലും 87 മുൻസിപ്പാലിറ്റികളിലും ഉൾപ്പെടെ 93 അർബൻ ലോക്കൽ ബോഡികളിലും ആരംഭിച്ചു. 2024 ജനുവരി ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ കെ സ്മാർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇതിലൂടെ കേരളത്തിലെ 93 അർബൻ ലോക്കൽ ബോഡികളിലും പ്രവർത്തനങ്ങൾ മുഴുവനായി ഓൺലൈനായി മാറി.

കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് ലോഞ്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ 2025 ജനവരി ഒന്നിന് ആരംഭിച്ചു.

ഇതിനു തുടർച്ചയായി 2025 ഏപ്രിൽ മുതൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിലും കെ-സ്മാർട്ട് നടപ്പിലാക്കും. സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന എട്ട് മൊഡ്യൂളുകളും രണ്ട് മൊബൈൽ ആപ്പും കൂടാതെ മീറ്റിംഗ് മാനേജ്മെന്റ്, ഡെവലപ്മെന്റൽ പ്ലാനിംഗ് & പ്രോജക്ട് മാനേജ്മെന്റ് മൊഡ്യൂൾ, സിറ്റിസൺ വെൽഫയർ മൊഡ്യൂൾ (സാമൂഹിക സുരക്ഷാ പെൻഷൻ), ബിസിനസ് ഫെസിലിറ്റേഷൻ മൊഡ്യൂൾ (രജിസ്ട്രേഷനുകൾ ഉൾപ്പെടെ), പെറ്റ് ലൈസൻസ്, തൊഴിൽ നികുതി എന്നീ മൊഡ്യൂളുകൾ കൂടി ഇവിടെ ലഭ്യമാക്കും. സേവനങ്ങൾക്കായി വിവിധ സോഫ്റ്റ്‌വെയറുകളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി ഒറ്റ പ്ലാറ്റ്ഫോമിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് കെ സ്മാർട്ട് ലക്ഷ്യമിടുന്നത്.

കെ സ്മാർട്ടിലെ നിലവിലുള്ള മൊഡ്യൂളുകൾ ചുവടെ ചേർക്കുന്നു.

## മൊഡ്യൂൾ

1. ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം
2. സിവിൽ രജിസ്ട്രേഷൻ (ജനന -മരണ - വിവാഹ രജിസ്ട്രേഷൻ)



ജനന രജിസ്ട്രേഷൻ



വിവാഹ രജിസ്ട്രേഷൻ



വസ്തു നികുതി



വ്യാപാര ലൈസൻസ്

3. വസ്തു നികുതി
4. ഫിനാൻസ് മോഡ്യൂൾ
5. ഡിജിറ്റൽ ഫയൽ മാനേജ്മെൻറ് സിസ്റ്റം
6. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ)
7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ
8. പൊതുജന പരാതി പരിഹാരം
9. കെ-സ്മാർട്ട് മൊബൈൽ ആപ്പ് (iOS & Android)
10. നിങ്ങളുടെ ഭൂമിയെകുറിച്ച് അറിയുക (Know your land App)

## സർവ്വീസുകൾ

11. കെ-സ്മാർട്ട് വെബ് പോർട്ടൽ
12. ഇ-ഡിസിആർ റൂൾ എഞ്ചിനും ജിഐഎസ് റൂൾ എഞ്ചിനും
13. ലെഗസി ഡാറ്റ മാനേജ്മെന്റ് സിസ്റ്റം (LDMS)
14. ഫീഡ്ബാക്ക് മൊഡ്യൂൾ
15. ഡാഷ് ബോർഡ്

## സവിശേഷതകൾ ഒറ്റനോട്ടത്തിൽ

- സേവനങ്ങൾക്കായുള്ള അപേക്ഷകൾ/പരാതികൾ ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു.
- അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് പരാതിക്കാരന്റെ/അപേക്ഷകന്റെ ലോഗിനിലും വാട്സ്ആപ്പിലും ഇ-മെയിലിലും ലഭ്യമാകുന്ന ഇന്റ ഗ്രേറ്റഡ് മെസേജിംഗ് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.
- അപേക്ഷാ ഫീസുകൾ/നികുതി/മറ്റ് ഫീസുകൾ എന്നിവ ഓൺലൈൻ ആയി അടക്കാൻ സാധിക്കുന്ന ഇ-പേയ്മെന്റ് സംവിധാനം.
- സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൌൺ ലോഡ് ചെയ്യാൻ സാധിക്കുന്നു. ഇത്തരത്തിൽ പ്രയോജനപ്പെടുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും ഉറപ്പാക്കുന്നു.
- സേവനങ്ങൾ സ്ഥലകാല പരിമിതികൾ ഇല്ലാതെ സമയബന്ധിതമായി ലഭ്യമാകുന്നു.
- ഒരിക്കൽ നൽകിയ രേഖകൾ ലോഗിനിൽ സൂക്ഷിക്കപ്പെടുന്നതിനാൽ അപേക്ഷകന്/പരാതിക്കാരന് പിന്നീട് മറ്റാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താം.
- അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ, മറ്റ് സേവന ദാതാക്കൾ എന്നിവർ വഴിയും സേവനങ്ങൾ കുറഞ്ഞ സർവീസ് ചാർജ് മാത്രം നൽകി ലഭ്യമാക്കാം.
- ആശുപത്രികൾ, കല്യാണ മണ്ഡപങ്ങൾ, പോലീസ് സ്റ്റേഷനുകൾ, സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഓഫീസ്, ഘടകസ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ, അപേക്ഷകൾ, മറുപടികൾ, നിവേദനങ്ങൾ, പരാതികൾ എന്നിവ ഓൺലൈനായി സമർപ്പിക്കുന്നതിനും കെ-സ്മാർട്ട് പ്രയോജനപ്പെടുത്താം.
- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഏകീകൃതവും നിയമപരവുമായ നടപടിക്രമങ്ങൾ നിലവിൽ വരുന്നു.
- ഫയൽ കേന്ദ്രീകൃത ഭരണ സംവിധാനത്തിൽ നിന്നും ഡാറ്റാ കേന്ദ്രീകൃത ഭരണത്തിലേക്ക് മാറുന്നു.
- ജനങ്ങളുടെ ആവശ്യങ്ങളോട് കൃത്യമായി പ്രതികരിക്കുന്ന ഭരണ സംവിധാനം നിലവിൽ വരുന്നതോടെ സുതാര്യവും അഴിമതി രഹിതവുമായ ഭരണ നിർവഹണം സാധ്യമാകുന്നു.
- തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒറ്റ ലോഗിനിലൂടെ എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനും പൂർത്തിയാക്കുന്നതിനും സാധിക്കുന്നു.
- ആവശ്യമെങ്കിൽ അവധി ദിവസങ്ങളിലും ഓഫീസ് സമയമല്ലാത്ത സമയത്തും യാത്രാവേളകളിലും ഫയലുകളിൽ തീരുമാനമെടുക്കാൻ സാധിക്കുന്നു.
- ഓരോ ജീവനക്കാരും സ്വന്തം ലോഗിൻ ഉപയോഗിച്ചാണ് ഫയൽ നീക്കം നടത്തുന്നത് എന്നതിനാൽ അവരവർ ചെയ്യുന്ന മികച്ച പ്രവർത്തനങ്ങൾ രേഖപ്പെടുത്തപ്പെടുന്നു. ഒപ്പം മോശമായ രീതികളും പ്രവർത്തനങ്ങളും അനുവർത്തിക്കുന്നവരെ കണ്ടെത്തി തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ഓഫീസ്






**മരണ രജിസ്ട്രേഷൻ**



**കെട്ടിട പെർമിറ്റ്**



**പൊതുജന പരാതി പരാഹാര സംവിധാനങ്ങൾ**



**മറ്റ് സേവനങ്ങൾ**

സൂപ്പർവൈസർമാർക്ക് സാധിക്കുകയും ചെയ്യുന്നു.

മൊഡ്യൂളുകൾ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം (എച്ച്.ആർ.എം.എസ്)

ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം (എച്ച്.ആർ.എം.എസ്) എന്നത് കെ-സ്മാർട്ടിലെ വിവിധ എച്ച്ആർ ഫംഗ്ഷനുകൾ കാര്യക്ഷമമാക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു മൊഡ്യൂളാണ്.

എച്ച്.ആർ.എം.എസ് ന്റെ പ്രധാന സവിശേഷത അഡ്മിനിസ്ട്രേറ്റർക്ക് ജീവനക്കാരെ നിയന്ത്രിക്കാൻ കഴിയുന്ന കോൺഫിഗറേഷൻ ക്രമീകരണമാണ്. ഓഫീസ് ഹെഡ് (അഡ്മിൻ) ലോഗിൻ ചെയ്യുന്നതിന് സി യു ജി, സ്പാർക് എന്നിവ ലിങ്ക് ചെയ്ത മൊബൈൽ നമ്പറുകളിൽ ആദ്യമായി ലഭിക്കുന്ന പെൻ നമ്പറും ഒ ടി പിയും ആവശ്യമാണ്. ലോഗിൻ ചെയ്തതിന് ശേഷം എച്ച്.ആർ.എം.എസ് കോൺഫിഗറേഷൻ ക്രമീകരണ വിൻഡോയിൽ ലോക്കൽ ബോഡിയുടെ അനുവദിക്കപ്പെട്ട അംഗസംഖ്യ (ഡിവിഷനും പദവിയും തിരിച്ച്) ലഭ്യമാകും. ഇതിനായി അനുവദനീയമായ പോസ്റ്റ് ഐഡികൾ മുൻകൂട്ടി സൃഷ്ടിച്ചതാണ്. പെൻ മാപ്പിംഗ് സ്ക്രീനിൽ പോസ്റ്റ് ഐഡികളുമായി പെൻ നമ്പർ ലിങ്ക് ചെയ്യാം. ലിസ്റ്റുചെയ്ത അക്കോഡിയനുകളിൽ നിന്ന് ഫംഗ്ഷണൽ ഗ്രൂപ്പുകളുടെ തലവനെയും (നിയോഗിക്കപ്പെട്ട ഓഫീസർ) ഉദ്യോഗസ്ഥരെയും നിയോഗിക്കാവുന്നതാണ്.

2024 ജനുവരി 1 ന് ശേഷം 2024 ഡിസംബർ 30 വരെ എച്ച്.ആർ.എം.എസ് മൊഡ്യൂൾ വഴി രജിസ്റ്റർ ചെയ്ത പൗരൻമാർ / സ്ഥാപനങ്ങൾ / ജീവനക്കാർ എന്നിവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സേവനം | എണ്ണം |
|---|---|
| എച്ച്.ആർ.എം.എസ് മൊഡ്യൂൾ വഴി ഇതുവരെ രജിസ്റ്റർ ചെയ്ത പൗരൻമാർ | 11,73,681 |
| എച്ച്.ആർ.എം.എസ് മൊഡ്യൂൾ വഴി രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങൾ | 17,540 |
| എച്ച്.ആർ.എം.എസ് മൊഡ്യൂൾ വഴി രജിസ്ട്രേഷൻ ചെയ്ത ജീവനക്കാർ | 10,423 |

## സിവിൽ രജിസ്ട്രേഷൻ (ജനന-മരണ വിവാഹ രജിസ്ട്രേഷൻ)

**ജനന രജിസ്ട്രേഷൻ**

ജനന രജിസ്ട്രേഷനും മറ്റ് ജനന സംബന്ധമായ സേവനങ്ങളായ പേര് ഉൾപ്പെടുത്തൽ, പേര് തിരുത്തൽ,

മറ്റ് തിരുത്തലുകൾ എന്നിവയ്ക്ക് കെ സ്മാർട്ട് മുഖേന പൂർണ്ണമായി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഈ വിധത്തിൽ ജനന സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാം.

**മരണ രജിസ്ട്രേഷൻ**

കെ-സ്മാർട്ട് വഴി മരണ രജിസ്ട്രേഷൻ, പേര്, മറ്റ് തിരുത്തലുകൾ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ഉപേക്ഷിക്കപ്പെട്ട മരണ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി അപേക്ഷിക്കാം. കൂടാതെ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാം.

**വിവാഹ രജിസ്ട്രേഷൻ**

കെ-സ്മാർട്ട് വഴി ലോകത്തെവിടെ നിന്നും വിവാഹ രജിസ്ട്രേഷന് അപേക്ഷിക്കാനും പൂർത്തിയാക്കാനും കഴിയും. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ സൗകര്യം. ഭാര്യയ്ക്കും ഭർത്താവിനും വ്യത്യസ്ത സ്ഥലങ്ങളിൽ നിന്ന് രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയുമെന്നതാണ് മറ്റൊരു പ്രത്യേകത. ഇത് പ്രവാസികൾക്ക് ഏറെ സഹായകരമാകും. വീഡിയോ കെവൈസി അവതരിപ്പിച്ചാണ് ഇത് സാധ്യമാക്കിയത്. രാജ്യത്ത് ഇതാദ്യമായാണ് ഇങ്ങനെ ഒരു സംവിധാനം.

ഈ മൊഡ്യൂളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള മറ്റ് സേവനങ്ങൾ ചുവടെ ചേർക്കുന്നു.

**a) ജനനം**

1. New registration (All services)
2. Born outside (All services)
3. Still birth (All services)
4. Birth corrections
5. Birth - adoption new registration
6. Non-Availability Certificate
7. Birth PDE
8. Birth- Aadhar Inclusion and correction of Child, Father, Mother, Spouse
9. Name correction of Child in Adoption Record
10. Adoption, Abandoned Birth, Non-Availability Certificate, Birth Name Inclusion and Corrections, Past Data Entry and Certificate Download
11. Inter office like Chief Registrar office, District Joint Director Office and Statistical Department.
12. Organization Login
13. E-Sign
14. Digital Sign
15. Global Search in Employee Login



**b) DEATH**

1. New registration (All services)
2. Abandoned (All services)
3. Death corrections
4. Aadhar Inclusion and correction of Deceased person
5. Death - Spouse Name Inclusion, Correction and Removal
6. Non-Availability Certificate
7. Past Data Entry and Certificate Download

**c) MARRIAGE**

1. New registration (All services)
2. Marriage corrections
3. Nationality Correction of Husband and Wife
4. Aadhaar OTP based verification added for Witness.
5. Past Data Entry and Certificate Download
6. Common Marriage Video E-KYC (Husband and Wife can easily register their marriage without having to go to the local body)
7. Aadhaar Authentication
8. Email Verification (the email verification feature makes registration very easy for foreigners)
9. Digital Sign for NAC
10. Certificate Verification - QR code

## 2. വസ്തു നികുതി

മൊഡ്യൂളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സർവ്വീസുകളുടെയും 30.12.2024 വരെ ലഭിച്ച തുകകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. New Tax Assessment (Form 2)
2. Tax Re-assessment
3. Pay Building Tax
4. Link My Buildings
5. Tax Exemption- Ex-service, Area, Functionality
6. Tax Exemption Revoke- Ex-service, Area, Functionality
7. Vacancy Remission
8. Vacancy Remission Revoke
9. Intimation of Demolition
10. Ownership Change
11. Add/Update Building details
12. Building Certificates
13. Residence Certificate
14. PDE Receipt Entry - Employee
15. Tax Recovery - Employee - (Revenue recovery, Prosecution)
16. Legacy Data Management Module (LDMS) for data correction
17. Reports- bulk demand notice, building list, building count, field collection report
18. Authorized to unauthorized building conversion
19. Know Your Tax
20. Quick payment and quick receipt download
21. Building Search
22. Master Settings - Functionality rate view

| നം. | സേവനം | രൂപ (കോടിയിൽ) |
|---|---|---|
| 1 | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചത് | 497.63 |
| 2 | ഫീൽഡിൽ പോയി പിരിച്ചത് | 5.01 |
| 3 | ഇലക്ട്രോണിക്ക് പേയ്മെന്റ് വഴി ലഭിച്ചത് | 222.89 |
| 4 | PoS മെഷീൻ വഴി ലഭിച്ചത് | 107.73 |
| | ആകെ | 833.26 |

## 3. ഫിനാൻസ് മൊഡ്യൂൾ

അക്രുവൽ ബേസ്ഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, അന്തർദേശീയമായി അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് തത്ത്വങ്ങൾ ഉപയോഗിച്ചാണ് ഈ മൊഡ്യൂൾ വികസിപ്പിച്ചിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പുതുതായി നിയമിക്കപ്പെടുന്ന, തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകളിൽ, പ്രത്യേകിച്ച് അക്കൗണ്ടിംഗിൽ പ്രാവീണ്യമില്ലാത്ത ഉദ്യോഗസ്ഥർക്ക് അക്കൗണ്ടിംഗ് പ്രൊഫഷണലുകളെ ആശ്രയിക്കാതെ മുഴുവൻ സാമ്പത്തിക റിപ്പോർട്ടുകളും തയ്യാറാക്കാൻ ഈ മൊഡ്യൂൾ അവരെ സജ്ജരാക്കുന്നു.

ഈ മൊഡ്യൂൾ ഓരോ സാമ്പത്തിക ഇടപാടും തത്സമയം രേഖപ്പെടുത്തുന്നു. ബജറ്റ് ഡോക്യുമെന്റ് നിർമ്മാണം, ദീർഘകാല, ഹ്രസ്വകാല, ഇടക്കാലത്തേക്കുള്ള പണലഭ്യത കൈകാര്യം ചെയ്യാനുള്ള സൗകര്യം, ഡെയ്‌ലി ക്യാഷ് പൊസിഷൻ റിപ്പോർട്ടുകൾ, പ്രതിദിന ക്യാഷ് കളക്ഷൻ റിപ്പോർട്ടുകൾ, ബജറ്റ് സംഗ്രഹങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലെ അസറ്റ് രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ എന്നിവ ഈ ആപ്ലിക്കേഷൻ സ്യൂട്ട് വഴി

നിർവഹിക്കാനാകും. തദ്ദേശ സ്ഥാപനത്തിന്റെ കൃത്യമായ സാമ്പത്തിക സ്ഥിതി ഇതിൽ നിന്ന് മനസ്സിലാക്കാം.

**പ്രധാനപ്പെട്ട സവിശേഷതകൾ**

- Real time Budget linked Receipt and Payment system
- Budget Variance Report with Annual Financial Statement
- Fully automated and digitally controlled Finance Management System
- Price and Spark enabled digital bill system.
- Digital mode of Field Collection and Remittance system
- Card, UPI Payment system
- Automated Financial Reports and AFS
- User control Role mapping system
- Digital Sign controlled Payment system.
- All payments are through DBT system.

ഫിനാൻസ് മൊഡ്യൂൾ വഴി വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, സിവിൽ രജിസ്ട്രേഷൻ എന്നീ സർവ്വീസുകൾക്കായി 30.12.2024 വരെ ലഭിച്ച തുകകൾ ചുവടെ ചേർക്കുന്നു.

| നം. | സേവനം | രൂപ (കോടിയിൽ) |
|---|---|---|
| 1 | തദ്ദേശ ഭരണ സ്ഥപനങ്ങളിലെ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചത് | 1288.43 |
| 2 | ഫീൽഡിൽ പോയി പിരിച്ചത് | 5.54 |
| 3 | ഇലക്ട്രോണിക്ക് പേയ്മെന്റ് വഴി ലഭിച്ചത് | 353.29 |
| 4 | PoS മെഷീൻ വഴി ലഭിച്ചത് | 120.34 |
| | ആകെ | 1767.61 |

## 4. ഡിജിറ്റൽ ഫയൽ മാനേജ്മെൻറ് സിസ്റ്റം

കെ-സ്മാർട്ട് ഫയൽ മാനേജ്മെന്റ് സിസ്റ്റം ഇ-ഓഫീസ് സിസ്റ്റത്തിന് സമാനമാണ്.

ഇ-ഫയൽ സംവിധാനം വഴി ഓഫീസിൽ വരാതെ ഒരു സേവനത്തിനായി പൗരന് ഓൺലൈനായി അപേക്ഷിക്കാം. ഉപയോക്താവിന് അയാളുടെ ആപ്ലിക്കേഷന്റെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യാനും ഇതുവഴി കഴിയുന്നതാണ്. ആശയവിനിമയത്തിനായി എസ്എംഎസ്, വാട്ട്സ്ആപ്പ് എന്നീ സൗകര്യങ്ങളും സംയോജിപ്പിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ നിന്നുള്ള ആശയവിനിമയം (തപാലുകൾ) കൗണ്ടർ മൊഡ്യൂൾ വഴി ഫയലായി ജനറേറ്റുചെയ്യുന്നു. ജീവനക്കാർക്ക് ഓഫീസിനകത്തുള്ള ആശയവിനിമയങ്ങൾക്കായി ഫയലുകൾ സൃഷ്ടിക്കാനും കഴിയും.

ഇ-ഫയൽ സംവിധാനം വഴി ഓഫീസിൽ വരാതെ ഒരു സേവനത്തിനായി പൗരന് ഓൺലൈനായി അപേക്ഷിക്കാം. ഉപയോക്താവിന് അയാളുടെ ആപ്ലിക്കേഷന്റെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യാനും ഇതുവഴി കഴിയുന്നതാണ്. ആശയവിനിമയത്തിനായി എസ്എംഎസ്, വാട്ട്സ്ആപ്പ് എന്നീ സൗകര്യങ്ങളും സംയോജിപ്പിച്ചിട്ടുണ്ട്.

| സേവനം | എണ്ണം |
|---|---|
| മൊത്തം ലഭിച്ച ഫയലുകൾ | 721825 |
| ക്ലോസ് ചെയ്ത ഫയലുകൾ | 321225 |
| പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുന്നവ | 400600 |

## 5. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ)

എല്ലാതരത്തിലുമുള്ള ട്രേഡ് ലൈസൻസുകൾക്കും കെ-സ്മാർട്ടിലൂടെ അപേക്ഷിക്കാവുന്നതാണ്. ഓരോ വർഷവും ലൈസൻസ് പുതുക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കേണ്ടതില്ല, ഓൺലൈനായി തന്നെ പൂർത്തിയാക്കാൻ സാധിക്കും.

ഈ മൊഡ്യൂളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സർവ്വീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- Application for New IFTE & OS License
- IFTE & OS License Renewal

# ഡിജി പിൻ

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് ഡിജി ഡോർ പിൻ നടപ്പിലാക്കുന്നു. ഇതോടെ സംസ്ഥാനത്തെ എല്ലാ കെട്ടിടങ്ങൾക്കും ഡിജിറ്റൽ പിൻ നമ്പർ നിലവിൽ വരും. ജി ഐ എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആണ് ഡിജിറ്റൽ പിൻ നൽകുക. ജില്ല, ഏരിയ ,ലോക്കേഷൻ തിരിച്ചുള്ള യുണീക് ഐ ഡി നമ്പർ ആണു നൽകുക. ഇതിനോടനുബന്ധിച്ച് ഓരോ വീടിനും ക്യു ആർ കോഡ് ലഭിക്കും. ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുന്നതോടെ വീടിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാകുന്നതാണ്.

കെട്ടിടത്തിന്റെ വിവരങ്ങൾ, കെട്ടിടം ഉടമയുടെ വിവരങ്ങൾ , കെട്ടിടത്തിന്റെ ലോക്കേഷൻ എല്ലാം ഡിജിറ്റൽ ഡോർ പിൻ നമ്പറിൽ ഉൾപ്പെടും. ഈ നമ്പർ സ്ഥിരം നമ്പർ ആയിരിക്കും. നേരിട്ട് സർവേ നടത്തി ഓരോ വീടും ടാഗ് ചെയ്താണു ഡിജിറ്റൽ പിൻ നമ്പർ നൽകുക. ഇങ്ങനെ സർവേ നടത്തുമ്പോൾ അനധികൃത കെട്ടിടങ്ങൾ എല്ലാം തന്നെ രേഖപ്പെടുത്തപ്പെടും. സംസ്ഥാനത്ത് ഒരു ലക്ഷത്തോളം അനധികൃത കെട്ടിടങ്ങൾ ഉണ്ടാകാം എന്നാണു നിഗമനം. ഓരോ വീടും ഡിജിറ്റൽ പിൻ നമ്പർ വഴി നിയമപരമാക്കപ്പെടുന്നതോടെ സംസ്ഥാനത്തെ മുഴുവൻ കെട്ടിടങ്ങളുടെയും കൃത്യമായ എണ്ണം കണ്ടെത്താനാകും. ഇതുമൂലം നികുതി പിരിവ് കാര്യക്ഷമമാക്കി നടത്താനാകും. പദ്ധതി ആസൂത്രണം, പദ്ധതി നിർവഹണം എന്നിവയിലെല്ലാം വീടുകളുടെ ഡിജിറ്റലൈസേഷൻ ഗുണപരമായ പങ്കുവഹിക്കും. ആനുകൂല്യങ്ങൾ ഇരട്ടിക്കപ്പെടാതിരിക്കാനും അനർഹരെ ഒഴിവാക്കാനും ഡിജി പിൻ ഉപകരിക്കും.

ഏതെങ്കിലും ദുരന്തങ്ങൾ സംഭവിക്കുമ്പോൾ കൃത്യമായ നാശനഷ്ടങ്ങളുടെ കണക്കെടുക്കുവാനും വേഗത്തിൽ സഹായം എത്തിക്കുവാനും വീടുകളുടെ ഡിജിറ്റലൈസേഷൻ സഹായിക്കും.

സംസ്ഥാനത്ത് ആകെ 1.56 കോടി അംഗീകൃത കെട്ടിടങ്ങൾ ആണുള്ളത്. വീടുകളും ഫ്ളാറ്റുകളും ഉൾപ്പെടെയാണു ഇത്. ഇവയ്ക്കെല്ലാം പുതിയ നമ്പർ നൽകും. ഫ്ളാറ്റുകൾക്ക് നമ്പർ ഇടുമ്പോൾ ഓരോ താമസക്കാരനേയും ഓരോ ഉടമയായി കണക്കാക്കും എന്നതിനാൽ സംസ്ഥാനത്തെ കെട്ടിടങ്ങളുടെ എണ്ണം ഇനിയും കൂടും.

അങ്ങനെ തദ്ദേശഭരണത്തിനു ഡിജിറ്റൽ സാങ്കേതിക വിദ്യ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ രാജ്യത്തിനു തന്നെ ഒരിക്കൽ കൂടി മാതൃകയാവുകയാണു കേരളം . ഇൻഫമേഷൻ കേരള മിഷൻ ആണു തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി ഈ മാതൃകാ പദ്ധതി നടപ്പിലാക്കുന്നത്.



- Application for IFTE & OS License - Cancellation
- Application for IFTE & OS License - Correction.

## 6. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ

ബിൽഡിംഗ് പ്ലാൻ മാപ്പിംഗ് ഡിജിറ്റലി ചെയ്യുന്നതിന് രാജ്യത്ത് മുൻപ് ശ്രമങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആദ്യമായി നടപ്പാക്കാൻ പോകുന്ന സംസ്ഥാനം കേരളമായിരിക്കും. ജിഐഎസ് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലോട്ടുകളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിലൂടെ ഏറ്റവും വേഗത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. കെ-സ്മാർട്ടിലെ 'നോ യുവർ ലാൻഡ്' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്ന വിവരം പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കും. കെട്ടിടം നിർമ്മാണത്തിനായി സമർപ്പിക്കുന്ന പ്ലാനുകൾ ചട്ടങ്ങൾ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് സോഫ്റ്റ് വെയർ തന്നെ പരിശോധിച്ചു ഉറപ്പുവരുത്തുന്നതിനാൽ ഫീൽഡ് പരിശോധനകൾ ലഘൂകരിക്കപ്പെടുകയും വേഗത്തിൽ നിർമ്മാണ പെർമിറ്റ് ലഭ്യമാവുകയും ചെയ്യുന്നു. ജനങ്ങൾക്കും ലൈസൻസികൾക്കും പെർമിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏത് സമയത്തും പരിശോധിക്കുന്നതിനും കെ-സ്മാർട്ടിലൂടെ സാധിക്കും. തീരപരിപാലന നിയമ പരിധി, റെയിൽവേ - എയർപോർട്ട് സോണുകൾ, പരിസ്ഥിതി ലോല പ്രദേശം തുടങ്ങിയവയിൽ ഉൾപ്പെട്ടതാണോ എന്നറിയാൻ ആ സ്ഥലത്തു പോയി ആപ്പ് മുഖേന സ്കാൻ ചെയ്ത് വിവരങ്ങളെടുക്കാം. കെട്ടിടം എത്ര ഉയരത്തിൽ നിർമിക്കാം, സെറ്റ് ബാക്ക് എത്ര മീറ്റർ എന്നു തുടങ്ങി എല്ലാ വിവരങ്ങളും ഇതിലൂടെ ലഭിക്കും.

ഈ മൊഡ്യൂളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സർവ്വീസുകൾ ചുവടെ ചേർക്കുന്നു.

1. Permits and approval
2. Design with Rule Compliance
3. Scrutinize Your Building Plans
4. Know Your Land
5. K-Map
6. New Building Permits- General
7. New Building Permit self-certified
8. Regularisation + Permit
9. Regularisation + Completion
10. Regularisation + Partial Completion
11. New Building Permit under Govt. approved schemes (Through building permit module)
12. Land Development (Through File Management)
13. Intimation of Telecommunication Tower (Through building permit module)
14. Intimation of Temporary huts and sheds (Through File Management)
15. Intimation of Demolition of a construction (Through File Management)
16. Intimation of completion of earthworks. (Through File Management)
17. Transfer of permit (Ownership change in permit)
18. Assign new licensee by permit owners
19. Licensee withdrawal in Permit
20. Building Permit under scheme
21. Post permit
22. Plinth or construction level inspection
23. Occupancy completion
24. Revision in permit
25. Building permit and Permit Fee modification as 1st August 2024

രാജ്യത്ത് ആദ്യമായി സർക്കാർ സംവിധാനത്തിൽ ജനങ്ങൾക്ക് കൂട്ടമായി ഓൺലൈനിലൂടെ പരാതി സമർപ്പിക്കാനുള്ള അവസരവും കെ-സ്മാർട്ടിലൂടെ സാധ്യമാവുകയാണ്. നിലവിൽ ജോയിന്റ് പെറ്റിഷൻ ഫയൽ ചെയ്യാനുള്ള സൗകര്യമുണ്ടെങ്കിലും മാസ് പെറ്റിഷൻ അവതരിപ്പിക്കപ്പെടുന്നത് ആദ്യമായിട്ടാണ്.

## 7. പൊതുജന പരാതി പരിഹാരം

കെ-സ്മാർട്ടിലൂടെ ഓൺലൈനായി തന്നെ പരാതികളും നിവേദനങ്ങളും നൽകാൻ കഴിയുന്നു. പരാതികളുടെ സ്റ്റാറ്റസ് തൽസമയം ലഭ്യമാകുന്നതോടൊപ്പം ഓൺലൈൻ ആയതിനാൽ മോണിറ്ററിംഗും എളുപ്പമാക്കുന്നു. പരാതി പരിഹാര നടപടികൾ ശാസ്ത്രീയവും കാര്യക്ഷമവും സുതാര്യവും സമയബന്ധിതവും ആകുന്നു. പരാതികളിൻ മേൽ സ്വീകരിക്കുന്ന നടപടികൾക്ക് ഏകീകൃത രൂപവും സുതാര്യതയും കൈവരുന്നു.

## മാസ് പെറ്റിഷൻ

രാജ്യത്ത് ആദ്യമായി സർക്കാർ സംവിധാനത്തിൽ ജനങ്ങൾക്ക് കൂട്ടമായി ഓൺലൈനിലൂടെ പരാതി സമർപ്പിക്കാനുള്ള അവസരവും കെ-സ്മാർട്ടിലൂടെ സാധ്യമാവുകയാണ്. നിലവിൽ ജോയിന്റ് പെറ്റീഷൻ ഫയൽ ചെയ്യാനുള്ള സൗകര്യമുണ്ടെങ്കിലും മാസ് പെറ്റിഷൻ അവതരിപ്പിക്കപ്പെടുന്നത് ആദ്യമായിട്ടാണ്. ഒരാൾ തയാറാക്കുന്ന പരാതിയുടെ ഡീപ്പ് ലിങ്ക് ലഭ്യമാവുകയും ഇത് അയാൾക്ക് കൂടുതൽ ആളുകളുമായി പങ്കുവെക്കാനും സാധിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കൂടുതൽ ആളുകൾക്ക് പരാതിയുടെ ഭാഗമാകാം. തദ്ദേശ സ്ഥാപനത്തിൽ ഈ പരാതി എത്തുമ്പോൾ എത്ര പേർ പരാതിയുടെ ഭാഗമായിട്ടുണ്ടോ അത്ര തന്നെ എണ്ണവും കാണിക്കും. പരാതിയിന്മേലുള്ള നടപടികളും സ്റ്റാറ്റസും പരാതിക്കാർക്കെല്ലാം വ്യക്തിപരമായി മെസേജിംഗ് സംവിധാനങ്ങളിലൂടെ ലഭ്യമാകും.

ഈ മൊഡ്യൂളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള സർവ്വീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- Complaints and Grievance-Apply Self (Citizen)
- Complaints and Grievance-Apply for other Persons (Citizen/Akshaya/Employee)
- Complaints and Grievance-Mass/Joint Petition (Citizen)
- Feedback rating
- Report a Violation- Employee
- Reply from Respondent
- Service Change Request

# സ്മാർട്ടായി അവാർഡുകളും




ഇ ഗവേണൻസ് മാസികയുടെ പതിനൊന്നാമത് പി എസ് യു അവാർഡ് ഐകെഎമ്മിന് ലഭിച്ചിരുന്നു.. എക്സലൻസ് ഇൻ ഇന്നവേഷൻ വിഭാഗത്തിലാണ് അവാർഡ് നേടിയത്. ഇ-ഗവേണൻസ് രംഗത്തെ വിപ്ലവകരമായ ചുവടുവെപ്പായ കെ-സ്മാർട്ട് ഉൾപ്പെടെയുള്ള സംഭാവനകൾ പരിഗണിച്ചാണ് ഐകെഎമ്മിനെ അവാർഡിന് തെരഞ്ഞെടുത്തത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ ഐകെഎമ്മിന്റെ കണ്ട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ ടിമ്പിൾ മാഗി പി എസ് പുരസ്കാരം ഏറ്റുവാങ്ങി. കെ-സ്മാർട്ടിന് ദേശീയ തലത്തിൽ ലഭിക്കുന്ന ഒടുവിലത്തെ അംഗീകാരമാണിത്. ഐകെഎമ്മിനെയും കെ -സ്മാർട്ട് ടീമിനെയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രത്യേകമായി അഭിനന്ദിച്ചു. ഏപ്രിൽ മാസത്തിൽ പഞ്ചായത്തുകളിലേക്ക് കൂടി വിന്യസിക്കുമ്പോൾ ഇ-ഗവേണൻസ് രംഗത്ത് കേരളം പുതിയ കുതിച്ചുചാട്ടത്തിനാകും സാക്ഷ്യം വഹിക്കുക. ഈ പ്രവർത്തനങ്ങൾക്കാകെ ആവേശം പകരുന്നതാണ് പുരസ്കാരനേട്ടമെന്നും മന്ത്രി പറഞ്ഞു.

2024 ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ നഗരസഭകളിൽ വിന്യസിച്ച കെ-സ്മാർട്ടിലൂടെ നഗരസഭകളിൽ ഇതുവരെ 31.97 ലക്ഷം ഫയലുകളാണ് പ്രോസസ് ചെയ്തത്. ഇതിൽ 24.08 ലക്ഷം ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. 75.3 ശതമാനം ഫയലുകളാണ് തീർപ്പാക്കിയത്. ഓരോ ഓഫീസിലെയും ജില്ലയിലെയും ഓരോ വിഭാഗം ഫയലുകളും തിരിച്ച് പരിഹരിച്ചതിന്റെ സ്ഥിതി പൊതുജനങ്ങൾക്ക് അറിയാൻ സൗകര്യമുണ്ട്. ഒപ്പം, ഫയൽ തീർപ്പാക്കലിൽ മുൻ ആഴ്ചയുമായുള്ള താരതമ്യവും കെ സ്മാർട്ട് ഡാഷ്ബോർഡിലൂടെ അറിയാൻ കഴിയും. ജോലി സമയത്തിന് ശേഷവും അവധി ദിവസത്തിലും ഉൾപ്പെടെ നഗരസഭകളിൽ നിന്ന് സേവനം ലഭ്യമാകുന്നുവെന്നതും എടുത്തുപറയേണ്ട കാര്യമാണ്.



# തദ്ദേശ ദിനാഘോഷം 2025





# ഗുരുവായൂരിലെ മണ്ണിൽ നവകേരള സൃഷ്ടിക്കായി കൈ കോർത്ത് പ്രാദേശിക സർക്കാരുകൾ

പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പ് വരുത്തി നവകേരള സൃഷ്ടിക്കായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഗുരുവായൂരിലെ ചരിത്രപ്രസിദ്ധമായ മണ്ണിൽ പ്രാദേശിക സർക്കാരുകൾ ഒത്തുചേർന്നു. 2025 ലെ തദ്ദേശദിനാഘോഷ ത്തിന്റെ ഭാഗമായി ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ ആതിഥേയത്വത്തിൽ കേരളത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഗുരുവായൂരിലെ പൂന്താനം ഓഡിറ്റോറിയത്തിലും പ രിസരത്തുമായി നടന്ന കൂട്ടായ്മയിൽ പങ്കെടുത്തു. 2025 ഫിബ്രവരി 14 മുതൽ 19 വരെ നടന്ന തദ്ദേശദിനാഘോഷ ത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ സെമിനാറുകളും കലാപരിപാടികളും ക്ഷേത്ര കലകളും അവതരിപ്പിക്കപ്പെട്ടു. കേരളത്തിന്റെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സംഭാവനകളും സാമ്പത്തികമായി സംസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരു ന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് എന്ത് പങ്ക് വഹിക്കാൻ കഴിയുമെന്നുമുള്ള ചർച്ചകളും വിദഗ്ദ്ധാഭിപ്രായങ്ങളുമായി സെമിനാറുകൾ ശ്രദ്ധേയമായി. ഗുരുവായൂരിന്റെ സാംസ്ക്കാരിക പെരുമ പ്രകടിപ്പിച്ച ഘോഷയാത്രയും തദ്ദേശദിനാഘോഷത്തോടനുബന്ധിച്ച് നടന്നു.

മുഖ്യമന്ത്രിയും വിവിധ മന്ത്രിമാരും എം പി മാരും എം എൽ എ മാരും തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്ര തിനിധികളും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത ആഘോഷ പരിപാടികളുടെ സമാപന സമ്മേളനത്തിൽ മികച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫികളും വിതരണം ചെയ്തു.

തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മികച്ച വാർത്തകൾക്ക് ആദ്യമായി ഏർപ്പെടുത്തിയ സ്വരാജ് മാധ്യമ പുരസ്കാരവും ചടങ്ങിൽ വിതരണം ചെയ്തു.

## നവകേരള സൃഷ്ടി യാഥാർത്ഥ്യമാക്കുന്നതിൽ സുപ്രധാന പങ്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട് – മുഖ്യമന്ത്രി പിണറായി വിജയൻ

നവ കേരള സൃഷ്ടി യാഥാർത്ഥ്യമാക്കുന്നതിൽ സുപ്ര ധാന പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശ ദിനാഘോഷത്തിന്റെ സമാപന സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യനിർമാർജനം, പാലിയേറ്റീവ് കെയറുകൾ, സംരംഭകത്വങ്ങൾ ഇവയിലെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. കേരളത്തിൽ സാർവത്രിക വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ വലിയ പങ്കാണ് വഹിച്ചത്. ആരോഗ്യ സേവനങ്ങൾ സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും ലഭിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രിയാത്മകമായ പങ്കുവഹിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെ ടലിന്റെയും പങ്കാളിത്തത്തിന്റെയും ഭാഗമായാണ് കേരള ത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തെ 2025 നവംബർ ഒന്നിന് അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റാനാണ് ലക്ഷ്യംവെക്കുന്നത്. അതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളിലെല്ലാം നല്ല പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇനി ഏഴ്മാസമാണ് നമ്മുടെ മുൻപിലുള്ളത്. ഈ കാലയളവിൽ ബാക്കിയുള്ള




കാര്യങ്ങൾ പൂർത്തിയാക്കാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ജാഗ്രതയോടെയുള്ള ഇടപെടലുകളും പരിശോധനയും വിലയിരുത്തലും ഉണ്ടാകേണ്ടതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ മുഴുവൻ കുടുംബങ്ങളും അതി ദാരിദ്ര്യത്തിൽ നിന്ന് മുക്തമാകുന്നത് രാജ്യത്തിന് ആകെ മാതൃകയാക്കാൻ പറ്റുന്ന ഒന്നാണ്. ഇതുമൂലം നമ്മുടെ സമൂഹത്തിൽ ഏറ്റവും പ്രയാസം അനുഭവിക്കുന്ന കുടുംബ ങ്ങൾക്ക് സർക്കാർ വലിയ തോതിലുള്ള താങ്ങായാണ് മാറുന്നത്.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ മാലിന്യനിർമാർജനം ഉടനെ പൂർണതയിലെത്തും. 96 ശതമാനം മാലിന്യങ്ങളും നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെയും ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മാലിന്യനിർമാർജനം പൂർണ്ണതയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

നല്ല രീതിയിലുള്ള ചികിത്സാ സംവിധാനങ്ങൾ കേരളത്തിലുണ്ട്. സഹായം ആവശ്യമുള്ള രോഗികളായ എല്ലാവർക്കും സഹായം എത്തിക്കാൻ മികവാർന്ന പാലി യേറ്റീവ് കെയർ സംവിധാനം കേരളത്തിലുണ്ട്. എല്ലാവരി ലേക്കും സേവനം എത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ തലത്തിൽ ഈ വിഷയത്തിൽ ശരിയായ ഇടപെടൽ നടത്താൻ കഴിയണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിൽ വ്യവസായിക അന്തരീക്ഷം മാറിക്കൊണ്ടി രിക്കുകയാണ്. സംരംഭകത്വ വികസനത്തിന് വലിയ ആക്കം കൂട്ടാൻ സാധിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. സംസ്ഥാനത്ത് നടപ്പിലാക്കപ്പെടുന്ന ക്ഷേമ പദ്ധതികൾ, അതിന്റെ ഭാഗമായുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നല്ല ഇടപെടലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ളത്. വലിയ മാനുഷിക മൂല്യത്തോടുകൂടി ഈ കാര്യത്തിൽ ഇടപെടുന്നവരാണ് എല്ലാവരും. ഇതെല്ലാം കൂടിച്ചേർന്ന ശോഭനമായ നവകേരള സൃഷ്ടിയാണ് നാം ഉദ്ദേശിക്കുന്നത്. ഇത്തരം ഒരു കേരളം സൃഷ്ടിക്കുന്നതിൽ എല്ലാവരുടെയും സഹായവും സഹകരണവും വേണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

## അസാധ്യമായതെല്ലാം സാധ്യമാക്കി തദ്ദേശ സർക്കാരുകൾ – മന്ത്രി എം.ബി രാജേഷ്

അസാധ്യമാണെന്ന് കരുതി മാറ്റി നിർത്തിയിരുന്ന പല വികസന പ്രവർത്തനങ്ങളും യാഥാർത്ഥ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ഗുരുവായൂരിൽ നടക്കുന്ന തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായുള്ള അക്കാദമിക് സെഷനു കളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തദ്ദേശ ദിനാഘോഷം വെറും ദിനാചരണം മാത്രമാ ക്കാതെ തദ്ദേശ ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ചർച്ചകളും സംവാദങ്ങളും സെമിനാറുകളും മത്സരങ്ങളും സംഘടിപ്പിച്ച് വിപുലമായാണ് സർക്കാർ ആഘോഷിക്കുന്നത്. ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മെയ് മാസത്തോടെ കേരളം മാറുമെന്നും മന്ത്രി പറഞ്ഞു. മാലിന്യ സംസ്കരണ രംഗത്തെ ഗുരുവായൂർ മോഡൽ ബ്രഹ്മപുരത്ത് ഉൾപ്പെടെ പരീക്ഷിച്ച് വിജയിച്ച കേരളം മാതൃകയാണ്. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ചുവപ്പുനാടകൾ ഒഴിവാക്കി പ്രാദേശിക വികസന സാധ്യതകളും സാധാരണക്കാരന് ആവശ്യമായ സേവനങ്ങളും ലഭ്യമാക്കാൻ തയ്യാറെടുക്കുക യാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.






അക്കാദമിക് സെഷൻ ഉദ്ഘാടനത്തിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് കൈപുസ്തകം മന്ത്രി എം.ബി രാജേഷ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫിന് നൽകി പ്രകാശനം നിർവ്വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവതരിപ്പിച്ച സ്വാഗത ഗാനവും കുമാരി ഗംഗ ശശിധരൻ അവതരിപ്പിച്ച വയലിൻ നാദ വിസ്മയവും പരിപാടികൾക്ക് മാറ്റുകൂട്ടി.

ഗുരുവായൂർ ദേവസ്വം ക്ഷേത്രപ്രവേശന സത്യഗ്രഹ സ്മാരക മന്ദിരത്തിൽ നടന്ന ചടങ്ങിൽ ഗുരുവായൂർ എംഎൽഎ എൻ.കെ അക്ബർ അധ്യക്ഷത വഹിച്ചു. മുൻ ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി.എം തോമസ് ഐസക് ഓൺലൈനായി 'വിജ്ഞാന കേരളം' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. തൃശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് മുഖ്യാതിഥിയായി. ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ്, തൃശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗ്ഗീസ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി.പി മുരളി, കേരള ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ സെക്രട്ടറി എം.ഒ. ജോൺ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.എം ഉഷ, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ ഡോ. എൻ. രമാകാന്തൻ, സംസ്ഥാന ആസൂത്രണ സമിതി അംഗം ഡോ. ജിജു പി. അലക്സ്, തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ സൂരജ് ഷാജി, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ ഡോ. സന്തോഷ് ബാബു, ജനപ്ര



തിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ എം.പി അജിത് കുമാർ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

## നവീന ആശയങ്ങളിലൂന്നിയ സെമിനാറുകൾ

തദ്ദേശ ദിനാഘോഷത്തിൽ വിവിധ അക്കാദമിക് സെഷനുകളിലായി വിജ്ഞാനകേരളം, നഗരനയവും പ്രാദേശിക സാമ്പത്തിക വികസനവും, ഡിജിറ്റൽ സാക്ഷരതയും അഴിമതി രഹിത ഭരണവും കെ-സ്മാർട്ടിന്റെ പശ്ചാത്തലത്തിൽ, പാലിയേറ്റീവ് പരിചരണവും ഏകോപന വും, നമ്മുടെ കേരളം മാതൃക സംയോജിത വികസനം, മാലിന്യമുക്തം നവകേരളം തുടർകർമ്മ പരിപാടി, അതിദാരിദ്ര്യനിർമാർജനം, സുസ്ഥിരനേട്ടം ഉറപ്പുവരുത്തൽ തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകളും നവ കേരളവും തദ്ദേശ യുവജനപ്രതിനിധികളും എന്ന വിഷയത്തിൽ ഓപ്പൺ ഫോറവും നടന്നു.

സംസ്ഥാനത്തെ 852 സ്ഥാപനങ്ങൾ മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യത്തിന്റെ ഏറെക്കുറെ പൂർണതയിൽ എത്തിയതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അക്കാദമിക് സെഷനിൽ പങ്കെടുത്ത് കൊണ്ട് പറഞ്ഞു. 182 തദ്ദേശ സ്ഥാപനങ്ങൾ കൂടി മാലിന്യമുക്ത നവകേരളത്തിന്റെ പൂർണതയിലെത്തേണ്ടതുണ്ടെന്നും പറഞ്ഞു. തദ്ദേശ ദിനാഘോഷ സമാപന സമ്മേളത്തിന്റെ ഭാഗമായി നടന്ന പ്രധാന ചർച്ചാ വിഷയങ്ങളായ മാലിന്യ മുക്ത നവകേരളം, അതിദരിദ്രർ ഇല്ലാത്ത കേരളം എന്നീ വിഷയങ്ങൾ ക്രോഡീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യമുക്ത പ്രഖ്യാപനങ്ങൾ നടത്തുന്നതിനുള്ള 13 മാനദണ്ഡങ്ങളെക്കുറിച്ചും സെഷനിൽ സംസാരിച്ച മന്ത്രി കൂട്ടിച്ചേർത്തു.

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫെബ്രുവരി മാർച്ച് മാസങ്ങളിൽ എൻഫോഴ്സ്മെന്റ് സ്ക്വാ ഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും ഓരോ തദ്ദേശ സ്ഥാപനങ്ങളിലും ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കണമെന്നും നിലവിൽ ജില്ലകളിലുള്ള സ്ക്വാ ഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളും മാർച്ച് 30 നു മുൻപ് ശുചിത്വ സദസ്സുകളും പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വ സന്ദേശ ജാഥകളും നടത്തണമെന്ന് മന്ത്രി സൂചിപ്പിച്ചു. ഖര മാലിന്യ, ശുചിമുറി മാലിന്യ സംസ്കരണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അതിന് ജനങ്ങളുടെയും ജനപ്ര തിനിധികളുടെയും മനോഭാവത്തിൽ മാറ്റങ്ങൾ ഉണ്ടാ കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ദേശീയ ശുചിത്വ റാങ്കിങ്ങിൽ കൂടുതൽ നഗരസഭകളും മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുമെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. ഏപ്രിൽ മാസം 9 മുതൽ 13 വരെ മാലിന്യ മുക്ത നവകേരളം ക്യാംപയിന്റെ സമാപനംകുറിച്ചുകൊണ്ട് ഒരു മെഗാ ഇവന്റ് തിരുവനന്ത പുരത്ത് നടത്തും. 1034 തദ്ദേശ സ്ഥാപനങ്ങളും മാലിന്യ സംസ്കരണത്തിൽ എവിടെ നിൽക്കുന്നുവെന്ന് മനസ്സിലാക്ക ണമെന്നും മന്ത്രി പറഞ്ഞു. ഇതിന്റെ തുടർച്ചയായി മെയ് മാസത്തിൽ അന്താരാഷ്ട്ര അർബൻ കോൺക്ലേവ് നടത്തു മെന്നും അതിൽ നിരവധി അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു.

## ഡിജിറ്റൽ സാക്ഷരത ആധുനിക കാലത്തിന്റെ അനിവാര്യത

കെ-സ്മാർട്ട് പ്രായോഗികമാകുന്നതോടെ തദ്ദേശ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ നിമിഷങ്ങൾ ക്കുള്ളിൽ നടപടി സ്വീകരിക്കാനാവുമെന്ന് തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഡിജിറ്റൽ സാക്ഷരതയും അഴിമതിരഹിത ഭരണവും കെ-സ്മാർട്ടിന്റെ പശ്ചാത്തലത്തിൽ' എന്ന സെമിനാർ അഭിപ്രായപ്പെട്ടു.

മൊബൈൽ ആപ്പിലൂടെ എവിടെയിരുന്നും പൊതുജന ങ്ങളുടെ ആവലാതികൾക്ക് പരിഹാരം നൽകാം എന്നതാണ് ഈ സംവിധാനത്തിന്റെ മേന്മ. മികച്ച ഭരണത്തിന്റെ ഭാഗമായി മികച്ച സംവിധാനങ്ങൾ സർക്കാർ ആവിഷ്ക്കരിക്കു ന്നുണ്ടെങ്കിലും ഇത്തരം സാങ്കേതിക വിപ്ലവങ്ങൾ സാധാരണക്കാരിലെത്താൻ വൈകുന്നുണ്ടെന്നും അതിന് പരിഹാരമുണ്ടാകണമെന്നും ഡിജിറ്റൽ സാക്ഷരതയിൽ നാം കുറേക്കൂടി മുന്നേറണമെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായി.

ഓൺലൈൻ ഫയൽ നീക്കം അഴിമതി സാധ്യത ഇല്ലാതാക്കുമെന്നും ഫയലുകളും അപേക്ഷകളും കാണാതാ കുന്നു എന്നതടക്കമുള്ള പരാതികൾ ഇല്ലാതാക്കുമെന്നും സാങ്കേതികതയിൽ കേന്ദ്രീകരിച്ച വികസന സാഹചര്യത്തിൽ ഡിജിറ്റൽ സാക്ഷരത വൻ വിപ്ലവമാണ് മുന്നോട്ടുവയ്ക്കു ന്നതെന്നും ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ സൂരജ് ഷാജി മോഡറേറ്ററായിരുന്നു. ഇൻഫർമേഷൻ കേരളമിഷൻ ഡയറക്ടർ ഡോ. സന്തോഷ് ബാബു, മാധ്യമ പ്രവർത്തകൻ റാം മോഹൻ പാലിയത്ത്, കേരള ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ വൈസ് ചെയർപേഴ്സൺ ഷെർലി ഭാർഗവൻ, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി കെ.ആർ ജയകുമാർ, കിലയിലെ സാങ്കേതിക വിദഗ്ദ്ധൻ ഡോ. മോനിഷ് ജോസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## നവകേരളവും തദ്ദേശ യുവജനപ്രതിനിധികളും ഓപ്പൺ ഫോറം

പ്രാദേശിക വികസനത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഭരണ പ്രതിപക്ഷങ്ങൾ പദ്ധതികളുടെ മെറിറ്റ് പോലും നോക്കാതെ എതിർക്കുന്ന സ്ഥിതിക്ക് മാറ്റം വരേണ്ടതുണ്ടെന്ന് തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന നവകേരളവും തദ്ദേശ യുവജനപ്രതിനിധികളും എന്ന വിഷയത്തിലെ ഓപ്പൺ ഫോറം അഭിപ്രായപ്പെട്ടു. പദ്ധതി കൾ കൊണ്ട് വരുന്നത് ഭരണ പക്ഷമോ പ്രതിപക്ഷമോ എന്ന് നോക്കാതെ വികസനത്തിന്റെ പ്രസക്തിക്ക് അനു സരിച്ച് യുവജനപ്രതിനിധികൾ നിലകൊണ്ട് പരമ്പരാഗത രീതികൾ ഭേദിക്കണമെന്നും മന്ത്രി എം.ബി രാജേഷ് പറഞ്ഞു.

പ്രാദേശിക വികസനത്തിൽ കക്ഷിരാഷ്ട്രീയത്തിന്




അതീതമായി ഭരണ പ്രതിപക്ഷങ്ങൾ യോജിച്ചു പ്രവർത്തിക്കണം. മാലിന്യ സംസ്കരണം പോലുള്ള പ്രധാന വികസന ആവശ്യങ്ങൾക്കാണ് കൂടുതൽ പ്രതിഷേധങ്ങൾ ഉണ്ടാവുന്നത്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതികളുടെ പ്രധാന്യവും അനിവാര്യതയും പുതിയ കാലത്തിന്റെ പുത്തൻ മാറ്റങ്ങളും ഉൾക്കൊണ്ട് ജനങ്ങളെ ബോധവൽക്കരിക്കാൻ യുവജനപ്രതിനിധികൾ മുന്നിട്ടിറങ്ങണമെന്നും മന്ത്രി പറഞ്ഞു.

മാധ്യമപ്രവർത്തകൻ ഡോ. എം.എ ലാൽ മോഡറേറ്ററായ ഓപ്പൺ ഫോറത്തിൽ എംഎൽഎ മാരായ എൻ.കെ അക്ബർ, സേവ്യർ ചിറ്റിലപ്പിള്ളി, ടി. സിദ്ദിഖ്, മുഹമ്മദ് മുഹ്സിൻ, യു. പ്രതിഭ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ് തുടങ്ങിയവർ വിഷയാവതരണം നടത്തി.

തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ നേതൃത്വത്തിലാണ് ഓപ്പൺ ഫോറം സംഘടിപ്പിച്ചത് . അക്കാദമി ഡയറക്ടർ ശ്രീധന്യ സുരേഷ് സ്വാഗതം പറഞ്ഞു. പരിപാടിയിൽ എല്ലാ പഞ്ചായത്തുകളിലെയും യുവ ജനപ്രതിനിധികൾ പങ്കെടുത്തു. ഓപ്പൺ ഫോറത്തിൽ യുവജനങ്ങളിലെ ലഹരി ഉപയോഗത്തെക്കുറിച്ചും ജനപ്രതിനിധികളിലെ സ്ത്രീ പങ്കാളിത്തം, മുൻകാലഘട്ടത്തിലെയും നിലവിലെയും തദ്ദേശ ഭരണ സംവിധാനങ്ങളുടെ പ്രവർത്തനം, മാലിന്യ സംസ്ക്കരണ മേഖലയ്ക്കും പ്രാദേശിക വികസനത്തിലും കൈവരിക്കാനായ നേട്ടങ്ങളും ചർച്ച ചെയ്തു.

## സ്വരാജ് ട്രോഫി, മഹാത്മ പുരസ്കാരങ്ങൾ മന്ത്രി എം.ബി രാജേഷ് വിതരണം ചെയ്തു

സമാപന സമ്മേളനത്തിൽ മികച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 2023-24 വർഷത്തെ സ്വരാജ് ട്രോഫിയും തൊഴിലുറപ്പ് പദ്ധതിയിൽ മികവ് പുലർത്തിയതിനുള്ള മഹാത്മാ പുരസ്കാരവും മഹാത്മാ അയ്യൻകാളി പുരസ്കാരവും മികച്ച റിപ്പോർട്ടിംഗിനുള്ള സ്വരാജ് മാധ്യമ പുരസ്കാരവും ലൈഫ് മിഷൻ പുരസ്കാരവും സമ്മാനിച്ചു.

സംസ്ഥാനതലത്തിൽ മികച്ച മുൻസിപ്പൽ കോർപ്പറേഷനുള്ള പുരസ്കാരം തിരുവനന്തപുരം കോർപ്പറേഷന് ലഭിച്ചു. മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരത്തിന് കൊല്ലം ജില്ലാ പഞ്ചായത്ത് അർഹമായി. രണ്ടാം സ്ഥാനം നേടിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും പുരസ്കാരം സ്വീകരിച്ചു. മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്, രണ്ടാം സ്ഥാനം തൃശ്ശൂർ ജില്ലയിലെ കൊടകര, മൂന്നാം സ്ഥാനം കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിനും ലഭിച്ചു. വിവിധ ജനപ്രതിനിധികൾ മന്ത്രിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

മികച്ച ഗ്രാമപഞ്ചായത്തിനുള്ള സംസ്ഥാന സ്വരാജ് ട്രോഫി ഒന്നാം സ്ഥാനം കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിനും രണ്ടാം സ്ഥാനം തിരുവനന്തപുരം ജില്ലയിലെ ഉഴമലക്കൽ ഗ്രാമപഞ്ചായത്തിനും മൂന്നാം സ്ഥാനം തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിനും ലഭിച്ചു.

മികച്ച മുനിസിപ്പാലിറ്റിക്കുള്ള സംസ്ഥാന സ്വരാജ് ട്രോഫി പുരസ്കാരത്തിന് ഗുരുവായൂർ, വടക്കാഞ്ചേരി, ആന്തൂർ എന്നിവയ്ക്ക് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചു.

ജില്ലാതലത്തിൽ മികച്ച പഞ്ചായത്തുകൾക്കുള്ള ഒന്ന്, രണ്ട് സ്ഥാനങ്ങൾക്കുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിൽ നിന്നും ആര്യനാട്, പുല്ലമ്പാറ കൊല്ലം ജില്ലയിൽ നിന്നും കുന്നത്തൂർ, ശാസ്താംകോട്ട, പത്തനംതിട്ട ജില്ലയിൽ നിന്നും അരുവാപ്പുലം, പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തും, ആലപ്പുഴ ജില്ലയിൽ നിന്നും മുട്ടാർ, വീയപുരം ഗ്രാമപഞ്ചായത്തുകൾ നേടി. കോട്ടയം ജില്ലയിൽ നിന്നും തിരുവാർപ്പ്, മരങ്ങാട്ടുപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും, ഇടുക്കി ജില്ലയിൽ നിന്നും ഇരട്ടയാർ, ഉടുമ്പന്നൂർ എറണാകുളം ജില്ലയിൽ നിന്നും പാലക്കുഴ, മാറാടി എന്നീ ഗ്രാമപഞ്ചായത്തുകളും തൃശൂർ ജില്ലയിൽ നിന്നും എളവള്ളി, നെന്മണിക്കര, പാലക്കാട് ജില്ലയിൽ നിന്നും വെള്ളിനേഴി, വിളയൂ,ർ മലപ്പുറം ജില്ലയിൽ നിന്നും മാറാഞ്ചേരി, എടപ്പാൾ, കോഴിക്കോട് ജില്ലയിൽ നിന്നും മണിയൂർ, മരുതോങ്കര, വയനാട് ജില്ലയിൽ നിന്നും മീനങ്ങാടി, വൈത്തിരി, കണ്ണൂർ ജില്ലയിൽ നിന്നും കരിവെള്ളൂർ പെരളം, പെരിങ്ങോം വയക്കര എന്നീ ഗ്രാമപഞ്ചായത്തുകളും കാസർഗോഡ് ജില്ലയിൽ നിന്നും വലിയപറമ്പ, ചെറുവത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും പുരസ്കാരത്തിന് അർഹമായി. അതാത് ജനപ്രതിനിധികൾ മന്ത്രിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.



ലൈഫ്മിഷൻ പുരസ്കാരത്തിൽ മികച്ച പഞ്ചായത്തുകൾക്കുള്ള ഒന്ന്, രണ്ട് സ്ഥാനങ്ങൾക്കുള്ള പുരസ്കാരം മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിനും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിനും ലഭിച്ചു. നഗരസഭാ വിഭാഗത്തിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ഒന്നാം സ്ഥാനവും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നിവ രണ്ടാം സ്ഥാനവും പങ്കിട്ടു.

## കലാ – കായിക മത്സര വിജയികൾക്കുള്ള സമ്മാനദാനം

തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കലാ-കായിക മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാന ദാനം മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു. വിളംബര ഘോഷയാത്രയിൽ പുന്നയൂർ ഗ്രാമ പഞ്ചായത്ത്, കുന്നംകുളം മുൻസിപ്പാലിറ്റി, ഗുരുവായൂർ മുൻസിപ്പാലിറ്റി എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

തിരുവാതിരക്കളി മത്സരത്തിൽ തൃശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളും സംഘനൃത്ത മത്സരത്തിൽ കണ്ണൂർ, തൃശൂർ, മലപ്പുറം ജില്ലകളും ക്രിക്കറ്റ് മത്സരത്തിൽ പാലക്കാട്, തൃശൂർ, കണ്ണൂർ ജില്ലകളും ഫുട്ബോൾ മത്സരത്തിൽ കോഴിക്കോട്, തൃശൂർ, എറണാകുളം ജില്ലകളും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

നാടൻ പാട്ട് മത്സരത്തിൽ തൃശൂർ, ആലപ്പുഴ ഒന്നും രണ്ടും സ്ഥാനം നേടിയപ്പോൾ കണ്ണൂരും മലപ്പുറവും മൂന്നാം സ്ഥാനം പങ്കിട്ടു. കലാകായിക മത്സരങ്ങളിലുള്ള ഡബിൾസ്, സിംഗിൾ ഇനങ്ങളിലെ വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

പ്രധാന വേദിയിൽ പി. ജയചന്ദ്രൻ അനുസ്മരണാർത്ഥം തൃശൂർ മ്യൂസിക് ലെജന്റിന്റെ നേതൃത്വത്തിൽ കെ.ജി മാർക്കോസ്, ലതിക, ഔസേപ്പച്ചൻ, മോഹൻ സിത്താര, വിദ്യാധരൻ മാസ്റ്റർ എന്നിവർ നയിച്ച സംഗീത നിശയും, കൃഷ്ണനാട്ടവും ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും വിവിധ കലാപരിപാടികളും നടന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുരസ്കാരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുരസ്കാരത്തിന് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചു. പഞ്ചായത്ത് പ്രതിനിധികൾ മന്ത്രി എം.ബി രാജേഷിൽ നിന്നും സ്വീകരിച്ചു. രണ്ടാം സ്ഥാനം കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തും മൂന്നാം സ്ഥാനം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തും കരസ്ഥമാക്കി.

ഗ്രാമപഞ്ചായത്ത് തലത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ ഒറ്റശേഖരമംഗലം, ആലപ്പുഴ ജില്ലയിലെ മുട്ടാർ, തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ഗ്രാമപഞ്ചായത്ത് ജില്ലാതലത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം സ്ഥാനം ആര്യങ്കോട് ഗ്രാമപഞ്ചായത്തും രണ്ടാം സ്ഥാനം പെരുങ്കടവിള ഗ്രാമപഞ്ചായത്തും നേടി. കൊല്ലം ജില്ലയിൽ മയ്യനാട്, ഓച്ചിറ, പത്തനംതിട്ടയിൽ ഓമല്ലൂർ, കൊടുമൺ, ആലപ്പുഴയിൽ തുറവൂർ, നീലംപേരൂർ, കോട്ടയം ജില്ലയിലെ കടപ്ലാമറ്റം, മറവൻതുരുത്ത്,











ഇടുക്കി ജില്ലയിൽ ഇടമലക്കുടി, വണ്ണപ്പുറം, എറണാകുളം ജില്ലയിൽ വടക്കേക്കര, പുത്തൻവേലിക്കര, തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങ്, പാവറട്ടി, പാലക്കാട് ജില്ലയിൽ പുതൂർ, അഗളി, മലപ്പുറം ജില്ലയിൽ എടപ്പാൾ, മുതുവല്ലൂർ, കോഴിക്കോട് ജില്ലയിലെ മൂടാടി, കായണ്ണ, വയനാട് ജില്ലയിൽ എടവക, മീനങ്ങാടി, കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി, ചിറ്റാരി പറമ്പ്, കാസർഗോഡ് ജില്ലയിൽ വലിയ പറമ്പ, പടന്ന എന്നീ പഞ്ചായത്തുകളുടെ പ്രതിനിധികൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ മന്ത്രിയിൽ നിന്നും സ്വീകരിച്ചു.

മഹാത്മാ അയ്യൻകാളി പുരസ്കാരം മുൻസിപ്പാലിറ്റി തലത്തിൽ ഒന്നാം സ്ഥാനം തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയും രണ്ടാം സ്ഥാനം പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയും നേടി. മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

## സ്വരാജ് മീഡിയ പുരസ്കാരം

ദൃശ്യമാധ്യമ വിഭാഗത്തിനുള്ള പുരസ്കാരം 24 ന്യൂസ് ചീഫ് റിപ്പോർട്ടർ സുർജിത്ത് അയ്യപ്പത്തും അച്ചടി വിഭാഗത്തിൽ മാതൃഭൂമി ചീഫ് റിപ്പോർട്ടർ എം.കെ സുരേഷും ദി ഹിന്ദു പ്രിൻസിപ്പൽ കറസ്പോണ്ടന്റ് എസ്.ആർ പ്രവീണും സ്വരാജ് പുരസ്കാരം ഏറ്റുവാങ്ങി. ഏഷ്യാനെറ്റ് ന്യൂസ് ചീഫ് റിപ്പോർട്ടർ അഖില നന്ദകുമാർ, മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടന്റ് ഷില്ലർ സ്റ്റീഫൻ, ദേശാഭിമാനി സ്പെഷ്യൽ കറസ്പോണ്ടന്റ് പി.വി ജീജോ എന്നിവർ പ്രത്യേക പരാമർശത്തിനുള്ള പുരസ്കാരവും ഏറ്റുവാങ്ങി.

സമാപന സമ്മേളനത്തിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിന് മുൻപ് പ്രസിദ്ധീകരിച്ചിരുന്ന പഞ്ചായത്ത് രാജ് മാസികയും ഗ്രാമഭൂമി ദ്വൈവാരികയും ഏകോപിപ്പിച്ച് പുറത്തിറക്കുന്ന തദ്ദേശകം മാസികയുടെ ആദ്യ ലക്കം മന്ത്രി എം.ബി രാജേഷ് തദ്ദേശ സ്ഥാപന അസോസിയേഷൻ സംസ്ഥാന ഭാരവാഹികൾക്ക് നൽകി പ്രകാശനം ചെയ്തു.

തദ്ദേശ ദിനാഘോഷത്തിന്റെ പ്രചരണാർത്ഥം നടത്തിയ റീൽസ് മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, എളവള്ളി ഗ്രാമപഞ്ചായത്ത്, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്, മേഘ ആലപ്പാട്ട്, അമന്യ ആൻഡ് അനമ്യ എന്നിവർക്കാണ് സമ്മാനം ലഭിച്ചത്. തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ പ്രദർശന സ്റ്റാളുകളിൽ മികച്ച സ്റ്റാൾ സജ്ജീകരണത്തിനുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനവും ഇടുക്കി ജില്ലയിലെ തന്നെ കുമളി ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനവും പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റി മൂന്നാം സ്ഥാനവും നേടി.

ഗുരുവായൂർ എംഎൽഎയും സംഘാടക സമിതി ചെയർമാനുമായ എൻ.കെ അക്ബർ, ഷൊർണൂർ എംഎൽഎ പി. മമ്മിക്കുട്ടി, മണലൂർ എംഎൽഎ മുരളി പെരുനെല്ലി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ്, കൊച്ചി മേയറും കേരള മേയേഴ്സ് കൗൺസിൽ പ്രസിഡന്റുമായ എം. അനിൽകുമാർ, തിരുവനന്തപുരം മേയർ എസ്. ആര്യ രാജേന്ദ്രൻ, ഗുരുവായൂർ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, വലിയപറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി സജീവൻ, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ ഡോ.വി കെ വിജയൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി അനുപമ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, ക്ലീൻ കേരള കമ്പനി എം.ഡി ജി.കെ സുരേഷ് കുമാർ, ശുചിത്വ മിഷൻ കൺസൾട്ടന്റ് എൻ ജഗജീവൻ എന്നിവർ പങ്കെടുത്തു.





**ഗോപകുമാർ എം**
സീനിയർ സൂപ്രണ്ട്
എൽ എസ് ജി ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

# തദ്ദേശഭരണ സ്ഥാപനങ്ങൾ – പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചാലകശക്തി

*"രാജ്യത്തിന്റെ പുരോഗതി ഗ്രാമങ്ങളുടെ വികസനത്തെയും സമ്പദ് വ്യവസ്ഥയെയും ആശ്രയിച്ചിരിക്കും"*

*ഗാന്ധിജി*

ജനങ്ങളുടെ ജീവിതവുമായി അടുത്തിടപഴകുന്ന സ്ഥാപനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലയായി വിവക്ഷിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലും തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, തുടങ്ങി 1994-ലെ കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങളുടെ പീഠികയിൽ തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം സാധ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് കൂടി വേണ്ടിയാണ് 1996 ആഗസ്റ്റ് 17-ന് (ചിങ്ങം - 1) ജനകീയാസൂത്രണ പദ്ധതിക്ക് കേരള സർക്കാർ തുടക്കമിട്ടത്.

മുൻ പഞ്ചവത്സര പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിനാണ് ജനകീയാസൂത്രണ പദ്ധതി ആവിഷ്ക്കരിച്ചത്. ഇതിലൂടെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35 ശതമാനത്തിലേറെ തുക തദ്ദേശസ്ഥാപനങ്ങൾ വഴി ചെലവിടുന്നതും അതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതും നമ്മൾ കണ്ടതാണ്. ജനകീയാസൂത്രണ പദ്ധതി കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ വികേന്ദ്രീകൃതാസൂത്രണത്തിൽ തദ്ദേശസ്ഥാപനങ്ങൾ ആർജ്ജിച്ച അനുഭവ പരിചയം പുതിയ കാലത്തിന്റെ വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാൻ തക്ക തരത്തിൽ പ്രാപ്തമാക്കേണ്ടതുണ്ട്. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 14-ആം പദ്ധതിയുടെ മാർഗ്ഗരേഖയിലൂടെ സർക്കാർ മുന്നോട്ട് വെയ്ക്കുന്നു. (സ.ഉ (കൈ) നം. 84/2022/LSGD, 86/2022/LSGD തീയതി 19.04.2022).

സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളാക്കി തദ്ദേശസ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതു സമീപനമെന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം പകരുന്നതിനായി കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയായി രൂപപ്പെടുത്തുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ആവിഷ്കരിക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ 14-ആം പദ്ധതി മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു .കൂടാതെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ സ.ഉ.(കൈ) നം. 3/2023/lsgd തീയതി 04.01.2023 പ്രകാരം സർക്കാർ പുറപ്പെടുവിപ്പിച്ചിട്ടുമുണ്ട്.

## തൊഴിൽ സൃഷ്ടി - ഒരു അനിവാര്യത

വികേന്ദ്രീകൃതാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ കേരളത്തിലെ പ്രാദേശിക സർക്കാരുകളും അതുവഴി നമ്മുടെ സംസ്ഥാനവും, പശ്ചാത്തല - സേവന മേഖലകളിൽ വലിയ പുരോഗതി കൈവരിച്ചു. പക്ഷേ ഉല്പാദന മേഖലയിൽ വേണ്ടത്ര മുന്നേറ്റം സാധ്യമായിട്ടില്ല. കോവിഡ് ഉൾപ്പെടെ വിവിധ ദുരന്തങ്ങളിൽപ്പെട്ട് സാമ്പത്തിക വളർച്ച മന്ദീഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉല്പാദന മേഖല ഉൾപ്പെടെ വിവിധ മേഖലകളുടെ വികസനവും തൊഴിൽ സൃഷ്ടിയും സർക്കാരിന്റെ പ്രഥമ കർത്തവ്യങ്ങളായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ നൽകാനുള്ള ബൃഹത്പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

## നിലവിലെ സ്ഥിതി

സാക്ഷരത, ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവ്, ആയുർദൈർഘ്യം, സ്ത്രീകൾക്കനുകൂലമായ ജനസംഖ്യ അനുപാതം, ഉയർന്ന സാമൂഹ്യ ബോധം എന്നിവ അനുകൂല ഘടകങ്ങളായി നിലനിൽക്കെ തന്നെ വിദ്യാസമ്പന്നരുടെ ഇടയിലെ തൊഴിലില്ലായ്മ കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കേരളത്തിലെ തൊഴിലില്ലായ്മ ഒൻപത് ശതമാനത്തിന് മുകളിലാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതേസമയം തന്നെ ഇതര സംസ്ഥാനത്തുനിന്ന് നിരവധി പേർ തൊഴിൽ അന്വേഷകരായി കേരളത്തിൽ എത്തുന്നുമുണ്ട്. മുതിർന്ന പൗരന്മാരുടെ എണ്ണം 2030-ഓടുകൂടി ആകെ ജനസംഖ്യയുടെ 21 ശതമാനമാകും. അതുകൊണ്ട് തന്നെ തൊഴിൽ എടുക്കുന്നവരുടെ മേലുള്ള വർദ്ധിച്ച ആശ്രിതത്വം സംസ്ഥാനം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമായി മാറും. തൊഴിൽ എടുക്കുന്നവരും ആശ്രിതരും തമ്മിലുള്ള അനുപാതം കുറയ്ക്കുന്നതിന് തൊഴിലില്ലായ്മ കുറയ്ക്കുക എന്നത് മാത്രമാണ് പോംവഴി. കേരളത്തിലെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും കുറവാണ് (32 ശതമാനം.). കോവിഡിന് ശേഷം പ്രവാസികൾക്ക് ഉണ്ടായ തൊഴിൽ നഷ്ടവും സംസ്ഥാനത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

## പ്രാദേശിക സാമ്പത്തിക വികസന പദ്ധതി

പ്രാദേശികമായ തൊഴിൽ സൃഷ്ടിയിലൂടെയും സംരംഭങ്ങളിലൂടെയും ജനങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കുന്നതിലൂടെ കേരളം ഇന്ന് നേരിടുന്ന തൊഴിലായ്മ പരിഹരിച്ച് സാമ്പത്തിക വികസനം സാധ്യമാക്കാനാവും എന്ന കണ്ടെത്തലിലൂടെയാണ് പ്രാദേശിക സാമ്പത്തിക വികസന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പദ്ധതികൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള കാൽ നൂറ്റാണ്ട് കാലത്തെ അനുഭവപരിചയം തദ്ദേശ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിലും ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും എന്ന ഉറച്ച വിശ്വാസമാണ് ഈ പദ്ധതി പ്രാദേശിക സർക്കാരിലൂടെ നടപ്പിലാക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. വികസന മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം ഉറപ്പാക്കുക, ഉൽപാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുക, വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ തദ്ദേശസ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കേണ്ടതുണ്ട്. നിലവിൽ ഈ മേഖലയിലേക്ക് വരുന്നവരിൽ ഭൂരിഭാഗവും പരമ്പരാഗത സംരംഭങ്ങൾ മാത്രമാണ് തിരഞ്ഞെടുക്കുന്നത്. പുത്തൻ കാലത്തെ വെല്ലുവിളികളെ നേരിടുന്നതിന് കഴിയാതെ ഇവ പലപ്പോഴും പരാജയപ്പെടുകയാണ് ചെയ്യുന്നത്.

## പ്രാദേശിക സംരംഭകത്വ സാധ്യതകൾ

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ഉല്പാദനം, ടൂറിസം തുടങ്ങിയ മേഖലകളിൽ പുതിയ ഉത്പാദന രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, വിപണന സമ്പ്രദായങ്ങൾ, ഉപഭോക്തൃ സേവനങ്ങൾ തുടങ്ങി ധാരാളം സംരംഭക സാധ്യതകൾ ഉണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പ്രാദേശികമായി ശ്രദ്ധയാകർഷിക്കുവാൻ കഴിയുന്ന പ്രദേശങ്ങൾ വികസിപ്പിക്കുകയും അതിലൂടെ പ്രദേശവാസികളുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കാൻ കഴിയുകയും ചെയ്യുന്ന പദ്ധതികൾ പ്രാദേശിക സർക്കാരുകൾക്ക് കണ്ടെത്താൻ കഴിയണം (പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഇതിന് ഒരു ഉദാഹരണമാണ്).

പ്രാദേശിക തനിമയുള്ള ഉൽപ്പന്നങ്ങളുടെ രംഗത്തും സംരംഭക സാധ്യതകൾ ഉപയോഗിക്കാം. (ബാലരാമപുരം കൈത്തറി, ആറന്മുള കണ്ണാടി, മറയൂർ ശർക്കര പോലുള്ളവ). ജനങ്ങളുടെ ആരോഗ്യകരമായ ഭക്ഷണശീലം പാൽ, മുട്ട, മാംസം, പച്ചക്കറി എന്നീ മേഖലകളും സംരംഭക സാധ്യത തുറന്നിടുന്നു.

സംരംഭകത്വം, നൈപുണ്യ വികസനം, തൊഴിൽ സൃഷ്ടി എന്നിവ അടിസ്ഥാനമാക്കി ഒരു തദ്ദേശസ്ഥാപനത്തിലെ എല്ലാ മേഖലകളും സമഗ്രമായി പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പ്രാദേശിക സാമ്പത്തിക വികസന പദ്ധതിക്ക് (LOCAL ECONOMIC DEVELOPMENT PLAN - LED) ഓരോ തദ്ദേശഭരണ സ്ഥാപനവും രൂപം നൽകേണ്ടതുണ്ട്. ഈ പദ്ധതികൾ വ്യവസായ വകുപ്പിന്റെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി, കെ-ഡിസ്കിന്റെ തൊഴിലവസര വികസന പദ്ധതി, കേരള നോളേജ് എക്കണോമി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവയുമായി ഏകോപിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മുഖ്യമായും അഞ്ചുതരം സംരംഭകത്വ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

1. സ്വന്തം മുതൽമുടക്കിൽ ആരംഭിക്കുന്ന സംരംഭങ്ങൾ
2. പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ ആരംഭിക്കുന്നവ
3. തദ്ദേശസ്ഥാപനവും സ്വകാര്യ സംരംഭകരും സംയുക്ത ഉടമസ്ഥതയിൽ ആരംഭിക്കുന്നവ
4. നിലവിലുള്ളവയുടെ വിപുലീകരണം
5. സേവന സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനും കൺസൾട്ടൻറുമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനും തദ്ദേശസ്ഥാപനം മുൻകൈയെടുക്കണം. എം എസ് എം ഇ കൾക്ക് പലിശ സബ്സിഡി, വാർഷിക പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കാവുന്നതാണ്. ടെക്നോളജി അപ്ഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ബിസിനസ് ഇൻസന്റീവ് ഗ്രാന്റ് എന്നിവ ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം.

## നൈപുണ്യവികസനം

പ്രധാനമായും രണ്ടുതരം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായുള്ളത്.

1. വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽരഹിതർക്ക് തൊഴിലവസരം ലഭിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ.
2. പരിശീലനത്തിലൂടെ നൈപുണ്യ വികസനത്തിനും തൊഴിലുറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

പരിശീലന ചെലവ് പൂർണമായോ ഭാഗികമായോ പരിശീലനാർത്ഥികൾ വഹിക്കുന്ന സമീപനം സ്വീകരിക്കണം. ഈ പ്രവർത്തനങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വ്യത്യസ്ത സ്കീമുകളുമായി സംയോജന സാധ്യത പ്രയോജനപ്പെടുത്തണം DDUGKY പോലുള്ളവ)

## പിന്തുണ ധനസഹായം

**1. ടെക്നോളജി ഫണ്ട് / ടെക്നോളജി കൈമാറ്റ ഫണ്ട്.**

കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ 'ഇന്നവേഷൻ നെറ്റ്‌വർക്ക് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് 75 ശതമാനം വരെ സഹായം നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ഈ രീതിയിൽ സഹായം നൽകാവുന്നതാണ്.

**2. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്** – നിലവിലുള്ള സാങ്കേതികവിദ്യ നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്.

**3. ഇന്നവേഷൻ ഫണ്ട്** – നൂതനാശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങൾ ആക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം . ഈ മേഖലയിൽ വൈദഗ്ധ്യവും സൗകര്യവും ഉള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ കണ്ടെത്തി ഗ്രാമപഞ്ചായത്തുകൾ വഴി 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾ വഴി 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്..

**4. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്** – പ്രകൃതിദുരന്തങ്ങൾ പോലുള്ള കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ ഈ തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്.

**5. റിവൈവൽ ഫണ്ട്** – തദ്ദേശസ്ഥാപന ലൈസൻസ് പ്രകാരം പ്രവർത്തിച്ചിരുന്നതോ പ്രവർത്തിക്കുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം ഏതെങ്കിലും പ്രതിസന്ധി കാരണം മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ പുനരുജ്ജീവന സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകാവുന്നതാണ്. പുനരുജ്ജീവനത്തിന് ബാങ്ക് വായ്പ നേടിയിട്ടുണ്ടെങ്കിൽ പലിശ സബ്സിഡി നൽകാവുന്നതാണ്.

**6. ഇൻകുബേഷൻ ഫണ്ട്** – സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയ സാധ്യതയുള്ള സംരംഭങ്ങൾ ആയി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് വിപണന സഹായം, മെന്ററിംഗ് എന്നിവ ഉൾപ്പെടെ വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ നഗരസഭ സ്ഥാപനങ്ങൾക്ക് യഥാക്രമം പരമാവധി 5 ലക്ഷം 10 ലക്ഷം 15 ലക്ഷം എന്ന ക്രമത്തിൽ തുക വിനിയോഗിക്കാവുന്നതാണ്.

**7. സീഡ് സപ്പോർട്ട് സ്കീം** – പ്രാദേശിക തലത്തിലുള്ള ഉൽപന്ന സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ പങ്കെടുക്കുന്നവർക്ക് ഫീസ് മണി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്.

## സംഘടനാ സംവിധാനം

പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ത്രിതല പഞ്ചായത്ത്/നഗരസഭ തലത്തിൽ അതത് സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെ നേതൃത്വത്തിൽ സംരംഭകത്വ തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ കൺവീനർ തദ്ദേശസ്ഥാപന സെക്രട്ടറി ആയിരിക്കണം. കൂടാതെ തദ്ദേശസ്ഥാപന സെക്രട്ടറി അധ്യക്ഷനായ തദ്ദേശഭരണ സ്ഥാപനതല സാങ്കേതിക സമിതി , വികസന കൗൺസിലിന്റെ ഉപസമിതിയായി പ്രവർത്തിക്കേണ്ടതാണ്.

സംരംഭക പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിനും മാർഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും എന്റർപ്രണർഷിപ്പ് & എംപ്ലോയ്മെന്റ് ഹെൽപ്പ് ഡസ്ക് എല്ലാ തദ്ദേശഭരണ സ്ഥാപന തലത്തിലും രൂപീകരിക്കണം.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി അയക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർ പേഴ്സണും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായ ജില്ലാ തല സാങ്കേതിക സമിതി പ്രവർത്തിക്കേണ്ടതാണ്.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസും തദ്ദേശസ്ഥാപനങ്ങളും.

കേരളം ഇന്ന് വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളിൽ ഇന്ത്യയിൽ തന്നെ മുന്നിലാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളം ഒന്നാമതാണ് എന്നത് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച് ഏറ്റവും അഭിമാനകരമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് - മുനിസിപ്പാലിറ്റി നിയമങ്ങളിലും അനുബന്ധ ചട്ടങ്ങളിലും സമയബന്ധിതമായി ഭേദഗതികൾ കൊണ്ടുവരാനും അതിനനുസൃതമായി പ്രവർത്തിക്കാൻ ജീവനക്കാരെ പ്രാപ്തമാക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് വ്യവസായ മേഖലയോടൊപ്പം നിലകൊണ്ടതിന്റെകൂടി ഫലമാണ് കേരളത്തിന് കിട്ടിയ ഒന്നാം റാങ്ക്. അക്കാരണത്താലാണ് വ്യവസായ വകുപ്പ് മന്ത്രി തദ്ദേശഭരണ വകുപ്പിനെ അഭിനന്ദിക്കാനുള്ള സാഹചര്യമൊരുങ്ങിയത്.

പതിനാലാം പദ്ധതി പൂർത്തീകരിക്കുമ്പോൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതോടൊപ്പം സുസ്ഥിര സാമ്പത്തിക വികസനവും നമുക്ക് ലക്ഷ്യത്തിൽ എത്തിക്കാൻ കഴിയും . അതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ മുന്നേറുന്നത് .

തീർച്ചയായും ഇനിയുമേറെ മുന്നേറാനുണ്ട്......ലക്ഷ്യം വിദൂരമല്ല...



**എ.ജി. ഒലീന**
ഡയറക്ടർ
സംസ്ഥാന സാക്ഷരതാ മിഷൻ

# അക്ഷരവെളിച്ചമായി 'ദീപ്തി' ബ്രെയിലി സാക്ഷരതാപദ്ധതി



**ദീപ്തി ബ്രെയിലി സാക്ഷരതാ പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു.**



സമ്പൂർണ സാക്ഷരതാ യജ്ഞത്തിലൂടെ ഇന്ത്യയ്ക്കുതന്നെ മാതൃകയായ കേരളത്തിൽ പാർശ്വവൽക്കരണങ്ങൾ ഒഴിവാക്കുക എന്ന സർക്കാർ നയം പ്രാവർത്തികമാക്കും വിധമുള്ള ആശയങ്ങൾ ഉൾപ്പെടുത്തിയാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പദ്ധതികൾ രൂപകല്പന ചെയ്യുന്നത്. കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് സാധാരണ ജനങ്ങളെപ്പോലെ വിദ്യാഭ്യാസത്തിന് അവസരം ലഭ്യമാകാത്ത സാഹചര്യത്തിൽ അവർക്കായി വിദ്യാഭ്യാസ പിന്തുണ ഉറപ്പാക്കുന്ന, കാഴ്ച പരിമിതരെ ബ്രെയിലി ലിപിയിൽ സാക്ഷരരാക്കുന്ന പദ്ധതിയാണ് 'ദീപ്തി- ബ്രെയിലി സാക്ഷരതാപദ്ധതി'. 40% കാഴ്ചപരിമിതി ഉള്ളവരെ ബ്രെയിലി ലിപിയിലൂടെ അക്ഷരലോകത്തേക്ക് എത്തിക്കുന്ന ഈ പദ്ധതി കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് എന്ന സംഘടന യുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.



**തൃശൂർ ജില്ലാ സാക്ഷരതാ മിഷൻ 'ദീപ്തി -ബ്രെയിലി സാക്ഷരതാ പദ്ധതി'യുടെ ജില്ലാതല പ്രവേശനോത്സവം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ:ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു**

## ബ്രെയിലി ലിപി വിദ്യാഭ്യാസത്തിന്റെ ആവശ്യകത

കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് സാധാരണ ജനങ്ങളെപോലെ വിദ്യാഭ്യാസത്തിനു അവസരം ലഭ്യമാകില്ല. അതുകൊണ്ടു തന്നെ അവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സാമൂഹിക പിന്നോക്കാവസ്ഥയ്ക്കും മുഖ്യ കാരണമാകുന്നു. വിദ്യാഭ്യാസപരമായി മുന്നോട്ടു വന്നെങ്കിൽ മാത്രമേ ജീവിതരീതിയിലും സമൂഹ സ്ഥിതിയിലും മാറ്റം വരുത്താൻ സാധിക്കുകയുള്ളു. കാഴ്ച വെല്ലുവിളി നേരിടുന്നവരെ ശാക്തീകരിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് ബ്രെയിലി വിദ്യാഭ്യാസം.

## സാമൂഹ്യസമത്വത്തിലേക്ക് വഴിതുറക്കുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

- നിരക്ഷരരായ കാഴ്ചവെല്ലുവിളി നേരിടുന്നവർക്കു ബ്രെയിലി ലിപിയിൽ അടിസ്ഥാന വിദ്യാഭ്യാസം ഒരുക്കുക.



- കാഴ്ച വെല്ലുവിളിയുള്ളവരിൽ വിദ്യാഭ്യാസത്തിലൂടെ ആത്മവിശ്വാസം, ആത്മാഭിമാനം എന്നിവ വർധിപ്പിക്കുക.
- ഒറ്റപ്പെട്ടു നിൽക്കുന്നവരെ വിദ്യാഭ്യാസം നൽകുന്നതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരിക.
- സാക്ഷരതാ ക്ലാസ്സുകളിൽ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള വേദി ഒരുക്കുക.
- കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ/സാദ്ധ്യതകൾ സൃഷ്ടിക്കുക.

ബ്രെയിലി സാക്ഷരതാ പരിപാടിയുടെ പ്രാരംഭ പ്രവർത്തന ശില്പശാല 2023 ജൂലൈ 26 ന് സംസ്ഥാന സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിൽ നടന്നു. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് അധ്യാപക പ്രതിനിധികളും സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരും ശില്പശാലയിൽ പങ്കാളികളായി. ഒക്ടോബർ 1,2 തീയതികളിൽ ബ്രെയിലി സാക്ഷരതാ പുസ്തക നിർമാണ ശില്പശാല മലപ്പുറത്ത് നടന്നു. ഇൻസ്ട്രക്ടർ പരിശീലന മൊഡ്യൂൾ ഒക്ടോബർ 12 ന് പൂർത്തിയാക്കി. പദ്ധതിയുടെ ഭാഗമായി പതിനാല് ജില്ലകളിൽ നിന്നും സർവ്വെയിലൂടെ 2855 കാഴ്ചപരിമിതരെ കണ്ടെത്തി. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ സഹായത്തോടെ പഠിതാക്കൾക്കുള്ള ബ്രെയിലി സാക്ഷരതാ പാഠപുസ്തകം, വർക്ക്ഷീറ്റ് എന്നിവ പ്രിൻറ് ചെയ്തുവരുന്നു. പഠിതാക്കൾക്കുള്ള ബ്രെയിലി ഉപകരണങ്ങൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ ഡെറാഡൂ




**കോട്ടയം ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പ്രവേശനോത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി ബിന്ദു ഉദ്ഘാടനം ചെയ്തു**

ണിലെ എൻഐഇപിവിഡി, അഡ്വാൻസ് എഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി. പദ്ധതിക്കായി ബ്രെയിലി ലിപിയിൽ പ്രാവീണ്യമുള്ള ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുകയും മേഖലാതല പരിശീലനം മെയ് മാസത്തിൽ നടത്തുകയും ചെയ്തു. പരിശീലനത്തിൽ 14 ജില്ലകളിൽ നിന്നായി 71 ഇൻസ്ട്രക്ടർമാർ പങ്കെടുത്തു.

ബ്രെയിലി സാക്ഷരതാ പദ്ധതി- ദീപ്തി യുടെ പഠനോപകരണങ്ങളുടെ വിതരണം സംസ്ഥാനതല ഉദ്ഘാടനം 2024 ഒക്ടോബർ5 ന് സംസ്ഥാന സാക്ഷരതാമിഷൻ അക്ഷരം

പദ്ധതിക്കായി ബ്രെയിലി ലിപിയിൽ പ്രാവീണ്യമുള്ള ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുകയും മേഖലാതല പരിശീലനം മെയ് മാസത്തിൽ നടത്തുകയും ചെയ്തു. പരിശീലനത്തിൽ 14 ജില്ലകളിൽ നിന്നായി 71 ഇൻസ്ട്രക്ടർമാർ പങ്കെടുത്തു.

ഹാളിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. ആൻറണി രാജു എംഎൽഎ അധ്യക്ഷനായി. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻറ് ജനറൽ സെക്രട്ടറി അബ്ദുൾ ഹക്കീം കെ, ടീച്ചേഴ്സ് ഫോറം പ്രസിഡന്റ് സുധീർ എം തുടങ്ങിയവർ പങ്കെടുത്തു. പതിമൂന്ന് ജില്ലകളിൽ നിന്നും ഓരോ പഠിതാക്കളും തിരുവനന്തപുരം ജില്ലയിലെ 24 പഠിതാക്കളും പഠനോപകരണങ്ങൾ ഏറ്റു വാങ്ങി.

നാലുമാസമാണ് (120 മണിക്കൂർ) കോഴ്സിന്റെ കാലാവധി. ബ്രെയിലി ലിപിയിൽ പ്രാവീണ്യമുള്ള, കാഴ്ച പരിമിതരായ ഇൻസ്ട്രക്ടർമാർ ക്ലാസുകൾ കൈകാര്യം ചെയ്യും. ഞായറാഴ്ചകളിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. അക്ഷരവെളിച്ചം പകരുക മാത്രമല്ല, സാമൂഹ്യസമത്വത്തിലേക്ക് വഴിതുറക്കുക എന്ന ലക്ഷ്യത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണപിന്തുണയോടെ കേരളത്തിലെ പതിനാലു ജില്ലകളിലും ദീപ്തി പദ്ധതി ഇപ്പോൾ നടന്നുവരുന്നു. ബ്രെയിലി പഠിതാവിനും ഒപ്പമെത്തുന്ന സഹായികൾക്കും യാത്രാബത്തയും ഭക്ഷണവുമടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് തദ്ദേശസ്ഥാപനങ്ങൾ നിർവഹിക്കുന്ന പങ്ക്, കേരളസമൂഹത്തിലെ ഒരു പാർശ്വവത്കൃതസമൂഹത്തിന്റെ ജീവിതത്തെ എത്രയും ചൈതന്യവത്താക്കാനുള്ള പരിശ്രമമായിട്ടാണ് വിലയിരുത്തുന്നത്.

കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് ജീവിതോപാധി കണ്ടെത്തി അവരുടെ ജീവിതരീതിയിലും സാമൂഹികസ്ഥിതിയിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾക്ക് തുടക്കമിടുന്ന ദീപ്തി പദ്ധതി മികച്ച നിലയിൽ ജില്ലകളിൽ നടപ്പാകുകയാണ്. പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിലെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദീപ്തി പദ്ധതിക്കായി വേണ്ടത്ര തുക വകയിരുത്തിക്കൊണ്ടാണ് പദ്ധതി മുന്നോട്ട് പോകുന്നത്.



# കാൻസർ നിയന്ത്രണ രംഗത്തെ പോത്തൻകോട് മോഡൽ

കാൻസർ രോഗ നിയന്ത്രണ രംഗത്ത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എത്രത്തോളം ഫലപ്രദമായി ഇടപെടാനാകുമെന്നതിന് ഉദാഹരണമാണ് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫസ്റ്റ്ചെക്ക് പദ്ധതി. സമ്പൂർണ്ണ കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററുമായി സഹകരിച്ച് ബ്ലോക്ക് പഞ്ചായത്ത് കാൻസർ മുൻകൂർ രോഗനിർണ്ണയ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളിലും പദ്ധതിയുടെ ഭാഗമായി കാൻസർ മുൻകൂർ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ക്യാമ്പിൽ പങ്കെടുത്ത് രോഗനിർണ്ണയം നടത്തുന്ന/ രോഗസാധ്യതയുള്ളവരുടെ തുടർ പരിശോധനകൾ ഉറപ്പാക്കുന്നതിലൂടെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്ത് കാഴ്ചവയ്ക്കുന്നത്.

> ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളിലും പദ്ധതിയുടെ ഭാഗമായി കാൻസർ മുൻകൂർ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

1994-മുതൽ കാൽ നൂറ്റാണ്ടുകാലം ആർ.സി.സി-യുടെ നേതൃത്വത്തിൽ വിദേശ സഹായത്തോടെ മംഗലപുരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവന്ന, വളരെയധികം ആളുകൾക്ക് പ്രയോജനകരമായിരുന്ന കാൻസർ നിർണ്ണയ കേന്ദ്രം 2019-ൽ പ്രോജക്ട് അവസാനിപ്പിച്ച് അടച്ചുപൂട്ടിയതിനെ തുടർന്നാണ് ഇത്തരമൊരു പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. കാൻസർ ബാധിച്ചാൽ മരണം ഉറപ്പാണെന്നും ചികിത്സിച്ചു ഭേദമാക്കാനാവില്ലെന്നും മറ്റുള്ളവരിലേക്ക് പകരുന്ന രോഗമാണെന്നുമൊക്കെയുള്ള മിഥ്യാധാരണകൾ ഇന്നും വെച്ചു പുലർത്തുന്നവരുണ്ട്.

ഇത്തരം തെറ്റിദ്ധാരണകൾ തിരുത്തുന്നതിനും കാൻസറിനെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കുന്നതിനുപയുക്തമായതുമായ ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പിന്റെ ഭാഗമായി നടന്നുവരുന്നു. ജീവിതശൈലി ക്രമീകരിച്ചും ആരോഗ്യകരമായ ഭക്ഷണശീലങ്ങളിലൂടെയും ഒരു പരിധിവരെ കാൻസറിനെ ഒഴിവാക്കാനാവുമെന്നും ആരംഭദശയിൽ കണ്ടെത്തിയാൽ പൂർണ്ണമായും ഭേദമാക്കാ

വുന്ന തലത്തിലേക്ക് നമ്മുടെ ചികിത്സാരംഗം വളർന്നു കഴിഞ്ഞുവെന്നുമുള്ള തിരിച്ചറിവ് ഇന്നുണ്ടായിട്ടുണ്ട്.

സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പതിമൂന്ന് ലക്ഷം രൂപയാണ് ഫസ്റ്റ്ചെക്ക് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് ആർ.സി.സി-യിൽ നിക്ഷേപിച്ചിട്ടുള്ളത്. 2022-ൽ ആരംഭിച്ച പദ്ധതിയിൽ ആദ്യവർഷം 13 ബ്ലോക്ക് ഡിവിഷനിൽ ഓരോ ക്യാമ്പുവീതം സംഘടിപ്പിച്ചു. ഇപ്പോൾ രണ്ട് ഗ്രാമപഞ്ചായത്ത് വാർഡുകളിലേക്ക് ഒരു ക്യാമ്പെന്ന നിലയിൽ മാസത്തിൽ രണ്ട് വീതം ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

2025 അവസാനത്തോടെ ബ്ലോക്കിലെ 97 ഗ്രാമപഞ്ചായത്ത് വാർഡുകളിലും ക്യാമ്പിന്റെ സേവനം വ്യാപിപ്പിക്കാനാവുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദ് പറഞ്ഞു. ആർ.സി.സി-യിലെ മൂന്നു ഡോക്ടർമാരും മറ്റ് ജീവനക്കാരും ക്യാമ്പുകൾക്ക് നേതൃത്വം നൽകിവരുന്നു. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ കാൻസർ, തൊണ്ടയിലെ അർബുദം എന്നിവ കണ്ടെത്താനുള്ള പരിശോധനകളാണ് ക്യാമ്പുകളിൽ നടക്കുന്നത്. വിശദ പരിശോധന വേണ്ടിവരുന്നവരെ ആർ.സി.സി-യിലേയ്ക്ക് റഫർ ചെയ്യും. ഇങ്ങനെ ആർ.സി.സി- യിലെത്തുന്നവർക്ക് പതിനായിരം രൂപവരെയുള്ള പരിശോധന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് വഹിക്കും.

ക്യാമ്പിന്റെ സംഘാടനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ പ്രദേശത്തെയും ലൈബ്രറികൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ചാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിന്റെ പ്രചരണപരമായ കാര്യങ്ങളെല്ലാം അവർ നിർവ്വഹിക്കും. ക്യാമ്പുകളിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുക്കുന്നത് ആശാപ്രവർത്തകരുടെ ഭവനസന്ദർശനം മുഖേനയാണ്. ഇത് കൃത്യമായ ടാർജറ്റ് ഗ്രൂപ്പിനെ ക്യാമ്പിലെത്തിക്കാൻ സഹായിക്കുന്നു. പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കും.

കഴിഞ്ഞ മൂന്നു വർഷമായി നടത്തിയ 34 ക്യാമ്പുകളിലായി നാലായിരത്തോളം സ്ത്രീകളാണ് പരിശോധനയ്ക്കെത്തിയത്. ഇവരിൽ 499 പേർ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക പിന്തുണയോടെ ആർ.സി.സി-യിൽ വിവിധ തരത്തിലുള്ള തുടർ പരിശോധനയ്ക്ക് വിധേയരായിട്ടുണ്ട്. 15 പേർ കാൻസർ സ്ഥിരീകരിക്കപ്പെട്ട് ആർ.സി.സി-യിൽ ചികിത്സയിലാണ്. ഏറെ പേർ ആർ.സി.സി-യുടെ ഒ.പി-യിൽ നിരീക്ഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു.

ഫസ്റ്റ്ചെക്ക് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനെ തുടർന്ന് മുംബൈ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ റീജിയണൽ കാൻസർ സെന്റർ, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, കനേഡിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് റിസർച്ച് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ സ്ത്രീകളിൽ കാണുന്ന ഗർഭാശയഗള കാൻസർ ഉണ്ടാക്കുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിന്റെ പഠനം നടത്തുന്നതിലേക്ക് പോത്തൻകോട് ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നു. ഈ പദ്ധതി വഴി ആയിരത്തോളം സ്ത്രീകൾക്കും പുരുഷൻമാർക്കും



കാൻസറിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി. 402 സ്ത്രീകളെ എച്ച്.പി.വി പരിശോധനയ്ക്ക് വിധേയരാക്കി. ഈ പരിശോധനയ്ക്ക് ആവശ്യമായ സാമ്പിൾ സ്വയം ശേഖരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കി. ഇവരിൽ 9 പേർക്ക് എച്ച്.പി.വി അണുബാധയുള്ളതായി കണ്ടു.

കാൻസർ പ്രതിരോധ രംഗത്ത് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് നടത്തിവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ മുൻനിർത്തി ഇക്കഴിഞ്ഞ നവംബർ ഏഴിന് ബ്ലോക്ക് പഞ്ചായത്തിനെ ആർ.സി.സി-യിൽ നടന്ന ദേശീയ കാൻസർ അവബോധ ദിനാചരണവുമായി ബന്ധപ്പെട്ട ചടങ്ങിൽ ആദരിച്ചിരുന്നു.

**ഹരിപ്രസാദ്,**
പ്രസിഡന്റ്, പോത്തൻകോട് ബ്ലോക്ക്

# സരസ് മേള 2025



പന്ത്രണ്ട് ദിനങ്ങളിൽ ചെങ്ങന്നൂരിനെ ഉൽസവക്കൊടു മുടിയേറ്റി സരസ് മേള 2025 സമാപിച്ചു. ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയത്തിൽ രണ്ടര ഏക്കർ സ്ഥലത്ത് ഒന്നര ലക്ഷം ചതുരശ്ര അടിയിലാണു സംസ്ഥാനത്തെ ഏറ്റവും വലിയ വ്യാപാര വിപണന മേള നടന്നത്. 23 സംസ്ഥാനങ്ങളിൽ നിന്നും കുടുംബശ്രീയിൽ നിന്നും മേളയിലേക്ക് വിപണന സാമഗ്രികൾ ഒഴുകിയെത്തി. അഖിലേന്ത്യാ സ്വഭാവമുള്ള സരസ് മേള ഇന്ത്യയിലെ വ്യാപാര വാണിജ്യ കലാ സാംസ്കാരിക മേളയായി മാറി.

സംസ്ഥാനത്ത് 2014-മുതലാണ് സരസ് മേളകളുടെ നടത്തിപ്പ് കുടുംബശ്രീ ഏറ്റെടുത്തത്. ഇതിൽ പതിനൊന്നാമത്തേതാണ് ചെങ്ങന്നൂരിൽ നടന്നത്

2025 ജനുവരി 20 നു പ്രധാനവേദിയിൽ തിങ്ങി നിറഞ്ഞ ആയിരങ്ങളെ സാക്ഷി നിർത്തി തദ്ദേശസ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് സരസ്മേളയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചപ്പോൾ സാംസ്കാരിക ഫിഷറീസ് യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് മുഖ്യ സന്ദേശം നൽകി. മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ ആയിരുന്നു മുഖ്യാതിഥി. ചെങ്ങന്നൂർ നഗരസഭയിലെ മുതിർന്ന ഹരിതകർമസേനാംഗം പൊന്നമ്മയാണ് മോഹൻലാലിനെ സ്വീകരിച്ചത്. ശുചിത്വ കേരളത്തിനായി മാലിന്യ നിർമ്മാർജ്ജന രംഗത്ത് അക്ഷീണം പ്രവർത്തിക്കുന്ന വ്യക്തി എന്ന നിലയ്ക്കാണ് മന്ത്രി സജി ചെറിയാന്റെ നിർദേശ പ്രകാരം പൊന്നമ്മയെ തിരഞ്ഞെടുത്തത്. പുസ്തകവും പൂക്കളും നൽകിയാണ് പൊന്നമ്മ മോഹൻലാലിനെ സ്വീകരിച്ചത്

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ സംരംഭകരുടേതുൾപ്പെടെ 350 ഉൽപന്ന സ്റ്റാളുകൾ, രുചിയൂറും ഭക്ഷ്യവിഭവങ്ങളുമായി മെഗാഫുഡ് കോർട്ട്, വൈവിധ്യമാർന്ന കലാപരിപാടികൾ, അമ്യൂസ്മെന്റ് പാർക്ക്, പെറ്റ് ഷോ, പുസ്തക മേള ഇങ്ങനെ എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു സരസ്മേള 2025.

ചെങ്ങന്നൂരിനെ ആനന്ദസമുദ്രത്തിൽ ആറാടിച്ച




സാംസ്കാരിക കലാപരിപാടികളും പന്ത്രണ്ട് ദിനങ്ങളിൽ അരങ്ങേറി. മൗലിക രചനകൾകൊണ്ട് മനുഷ്യജീവിതത്തിന്റെ വിഭിന്ന മുഖങ്ങളെ വായനക്കാരുടെ മനസിൽ ആഴത്തിൽ പതിപ്പിച്ച മലയാളത്തിന്റെ പ്രിയകഥാകാരൻ എം.ടി യുടെ അനുസ്മരണാർത്ഥം ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചർച്ചാവേദി അദ്ദേഹത്തിനുള്ള സമർപ്പണമായി. തുടർന്ന് വിവിധ കുടുംബശ്രീ യൂണിറ്റുകൾ അവതരിപ്പിച്ച കലാപരിപാടികൾ കയ്യടി നേടി. ചെങ്ങന്നൂർ സബ് ഇൻസ്പെക്ടർ സാലി ബഷീറിന്റെ നേതൃത്വത്തിൽ പന്തളം തത്വമസി മ്യൂസിക് ബാൻഡ് അവതരിപ്പിച്ച ഗാനമേള, ചെങ്ങന്നൂർ തായ് മൊഴിയുടെ നാടൻപാട്ട് എന്നിവയും വേദിയിൽ അവതരിപ്പിച്ചു.

അട്ടപ്പാടിയിലെ 'ഇരുള,' 'മുഡുഗ', 'കുറുമ്പ' എന്നീ വിഭാഗങ്ങളുടെ തനത് കലാരൂപമായ 'ആട്ടോം പാട്ടും'ചെങ്ങന്നൂരിന് വേറിട്ട ദൃശ്യാനുഭവമായി. അട്ടപ്പാടി ഗോത്ര സമൂഹത്തിലെ കലാകാരൻമാരും കലാകാരികളും ഉൾപ്പെട്ട പതിനഞ്ചംഗ സംഘമാണ് പരിപാടി അവതരിപ്പിച്ചത്

സരസ് മേളയോടനുബന്ധിച്ച് 'ദേശീയ പുസ്തകോത്സവം-സാംസ്കാരിക വൈവിധ്യങ്ങളും രാഷ്ട്ര











നിർമിതിയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ടി.വി ഷോ അവതാരകൻ ജി.എസ് പ്രദീപ് നിർവഹിച്ചു. 'സത്യാനന്തര കാലത്തെ വാർത്താ നിർമിതി' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ എം.വി നികേഷ് കുമാർ ഉദ്ഘാടനം ചെയ്തു.

## സംരംഭകരുടെ വിജയഗാഥകൾ

ഗോതമ്പ്, ചോളം, സോയാബീൻ, എള്ള് എന്നിവ ചേർത്ത് തയ്യാറാക്കിയ ബൂൽ ബാത്തി ആട്ട, കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, മുതിർന്ന സ്ത്രീകൾ എന്നിവർ ഉൾപ്പെടെയുള്ളവർക്ക് അനുയോജ്യമായ സ്ഫടിക കല്ലുകൾ കൊണ്ട് നിർമിച്ച കമ്മലുകൾ തുടങ്ങി ചെരുപ്പ് മുതൽ പട്ടുസാരി വരെയുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുമായായി മഹാരാഷ്ട്രയിൽ നിന്നെത്തിയ രൂപേഷ്, അഹ്കുഷ് ജാധവ്, സുനിൽ ഷിതോലെ, റുഷിക, ശ്രീല എന്നിവർ മേളയിൽ മനം കവർന്നു. അടുക്കളയിൽ ഏറെ സഹായകമാകുന്ന മൾട്ടി പർപ്പസ് ഉപകരണവുമായാണ് വണ്ണപ്പുറം ഇ.ടി.പി കുടുംബശ്രീ യൂണിറ്റിന്റെ ഉടമയും സംരംഭകയുമായ സൗമ്യ ജിനീഷ് മേളയിൽ പങ്കെടുത്തത്. തേങ്ങ ചിരവാനും ഇറച്ചി വെട്ടാനും ചപ്പാത്തി പരത്താനും കറിക്കരിയാനും സ്റ്റൂൾ ആയി ഉപയോഗിക്കാനും കഴിയുന്ന മൾട്ടി പർപ്പസ് ഉപകരണമായിരുന്നു ഇ.ടി.പി സ്റ്റാളിലെ സ്റ്റാർ ഐറ്റം.

പത്തിയൂർ പഞ്ചായത്തിലെ സാന്ത്വനം കുടുംബശ്രീ യൂണിറ്റ് തയ്യാറാക്കിയ ഹോട്ട് ആൻഡ് കോൾഡ് ബാഗ് ജനശ്രദ്ധ ആകർഷിച്ചു. കൈവെള്ളയിൽ ഒതുങ്ങുന്ന ബാഗ് യാത്ര ചെയ്യുമ്പോഴും സുഖകരമായി കൊണ്ടു നടക്കാനാകും എന്നതാണ് പ്രത്യേകത. ജനങ്ങൾക്ക് ഉപകാരപ്രദമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ പതിനഞ്ച് വർഷമായി സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിഗത യൂണിറ്റാണ് സാന്ത്വനം. യൂണിറ്റ് ഉടമയായ രമ്യ അഭിലാഷാണ് ഉൽപന്നങ്ങളുമായി മേളയിൽ എത്തിയത്. പ്രതിസന്ധികളെ അതിജീവിക്കാനും സാമ്പത്തിക സ്വാശ്രയത്വം നേടാനും രമ്യയ്ക്ക് കരുത്ത്

ലഭിച്ചത് സാന്ത്വനം യൂണിറ്റിലൂടെയാണ്. ബയോ മെഡിക്കൽ എൻജിനീയറിങ്ങ് വിദ്യാർത്ഥിയായ മകന്റെ ആശയമാണ് ഹോട്ട് ആൻഡ് കോൾഡ് ബാഗ്.

പാതിരപ്പള്ളിയിലെ ജെ ആൻഡ് എസ് യൂണിറ്റിന്റെ ഉടമയായ ജയമ്മ ജൂട്ടിലും തുണിയിലും നിർമിച്ച ബാഗുകളുമായാണു മേളയിൽ എത്തിയത്. കണ്ണഞ്ചിപ്പിക്കുന്ന നിറത്തിലും ഡിസൈനിലും വിവിധ രൂപത്തിലുമുള്ള ബാഗുകളാണ് വിൽപനയ്ക്കെത്തിച്ചത്. കലംകാരി പ്രിൻറ് ചെയ്ത ബാഗുകൾക്ക് പുറമേ, മുത്തുകളും കല്ലുകളും പതിച്ച ഹാൻഡ് ബാഗുകളും ഷോപ്പിങ്ങ് ബാഗുകളുമുണ്ട്. കൂടാതെ ബിഗ് ഷോപ്പർ, ജ്വല്ലറി ബാഗുകൾ, കോൺഫറൻസ് ബാഗുകൾ, സ്ട്രിങ്ങ് ബാഗുകൾ, സ്കൂൾ ബാഗുകൾ, പേഴ്സുകൾ തുടങ്ങി വിവിധ തരം ജൂട്ട് ഉൽപന്നങ്ങളും ജയമ്മ പ്രദർശിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായുള്ള പരിശീലനം നേടിക്കൊണ്ടാണ് ജയമ്മ ജൂട്ട് ബാഗ് നിർമാണ ത്തിലേക്ക് തിരിഞ്ഞത്. ഇന്ന് തന്റെ സംരംഭത്തിലൂടെ 20 പേർക്ക് കൂടി തൊഴിൽ നൽകാൻ ഈ സംരംഭകയ്ക്ക് കഴിയുന്നുണ്ട്.

അഗളി ഗ്രാമപഞ്ചായത്തിലെ ഭൂതിവഴി ഊരിൽ നിന്നും മധുവാണി മില്ലറ്റ്സ് സംരംഭകരായ സെലീനയും അനീഷയും അട്ടപ്പാടിയിലെ പട്ടികവർഗ മേഖലയിലെ കർഷകർ പരമ്പ രാഗത രീതിയിൽ കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്ന ചാമ, തിന, കമ്പ്, വരഗ്, മണിച്ചോളം, മക്കച്ചോളം, പുട്ടുപൊടി, മില്ലറ്റ് ബിസ്ക്കറ്റ്, മില്ലറ്റ് കുക്കീസ്, മില്ലറ്റ് റസ്ക്, ദോശ ഉണ്ടാക്കാനുള്ള തിന, ചാമപ്പൊടി എന്നിവയു മായി മേളക്കെത്തി ചെങ്ങന്നൂരുകാരുടെ മനം കവർന്നു.

ഉരുൾപൊട്ടൽ ഒറ്റ രാത്രി കൊണ്ട് തച്ചുടച്ച വയനാട് ചൂരൽമലയിൽ നിന്നാണ് വൈൻക്രേവ് എന്ന സംരംഭത്തിന്റെ ഉടമകളായ സുബൈൽ, റാഷിദ്, സിനാൻ, ഫിർഷാദ്, ശുഹൈബ് എന്നിവരുടെ സരസ്സിലേക്കുള്ള വരവ്. ചോക്ലേറ്റ്. ഇഞ്ചി, ലെമൺ, മിൻറ് തുടങ്ങിയ വിവിധ രുചിയും മണവും നിറവുമുള്ള എട്ടിനം ചായപ്പൊടികൾ, വറുത്ത കാപ്പിക്കുരു, ഏലയ്ക്കാ, ഗ്രാമ്പൂ, കറുവപ്പട്ട എന്നിവയായിരുന്നു ഇവരുടെ ഉൽപന്നങ്ങൾ.

കിടിലൻ ജ്യൂസ് ഐറ്റംസും സ്നാക്സുമായി ലക്ഷ്യ ട്രാൻസ് ജെൻഡർ ഗ്രൂപ്പും സരസ് മേളയിൽ സജീവ മായിരുന്നു. ഓറഞ്ച്, മുന്തിരി, പൈനാപ്പിൾ, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവകൊണ്ട് ഫ്രഷ് ജ്യൂസും സ്മൂത്തീസ്, എഗ്ഗ് റോൾ, എഗ്ഗ് സ്റ്റിക് തുടങ്ങി വിവിധ തരം ലഘുഭക്ഷണങ്ങളുമാണ് ഇവരുടെ സ്റ്റാളിൽ ലഭിച്ചത്

ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ട പത്തു പേരെ ഉൾപ്പെടുത്തി രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടമാണ് ലക്ഷ്യ. സംരംഭത്തിന്റെ പേരും ഇതു തന്നെ. അമൃത, മറിയ, ശ്രീക്കുട്ടി, സഹസ്ര, ശരൺ, മിഥുൻ എന്നിവരാണ് മേളയിൽ എത്തിയിട്ടുള്ളത്. പാർശ്വവൽക്കൃത വിഭാഗത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരാനും സ്വന്തമായി വരുമാനം കണ്ടെത്താൻ കഴിയുന്നതിന്റെയും സന്തോഷത്തിലാണ് അംഗങ്ങൾ.കുടുംബശ്രീയുടെ നേ തൃത്വത്തിൽ ഇവർക്ക് മികച്ച തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ ഇവരുടെ കിയോസ്ക് പ്രവർത്തിക്കുന്നു.

ആത്മവിശ്വാസത്തിന്റെ മുളംതണ്ടിലെ അതിജീവന നാദമാണ് ഷീജയെന്ന സംരംഭക. പ്രളയമടക്കം നേരിട്ട പല പ്രതിസന്ധികളിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയെ പോലെ ഉയിർത്തെഴുന്നേൽക്കാൻ ഷീജയ്ക്ക് തുണയായത് മുള ഉൽപന്നങ്ങളുടെ നിർമാണവും വിപണനവുമാണ്. വയനാട് ജില്ലയിലെ വേങ്ങപ്പള്ളി പഞ്ചായത്തിലെ കനിവ് കുടുംബശ്രീ അംഗമായ ഷീജയുടെ സംരംഭമായ 'ബ്രഹ്മ' മുളയുൽപന്ന നിർമാണ യൂണിറ്റ്

ആകർഷകമായ മുള ഉൽപന്നങ്ങളാണ് വിൽപന യ്ക്കായി എത്തിച്ചിട്ടുള്ളതിൽ ഏറെയും. വീടും വീട്ടുപ കരണങ്ങളും പ്രകൃതി സൗഹൃദമാക്കാൻ വേണ്ട അത്യാവശ്യം ഉൽപന്നങ്ങളുമായാണ് ഈ സംരംഭകയുടെ വരവ്. മുള, ചിരട്ട, ചൂരൽ എന്നിവ കൊണ്ട് കമ്മൽ, മാല, ആഭരണങ്ങൾ, വിവിധ വലിപ്പത്തിലുള്ള കപ്പുകൾ, മുള കൊണ്ട് തയ്യാറാക്കിയ സ്പീക്കർ, മൊബൈൽ സ്റ്റാൻഡ് വിത്ത് ഹാങ്ങർ, ഓഫീസ് സ്റ്റാൻഡ്, തവി, ചിരട്ടയും മുളയും കൊണ്ടുണ്ടാക്കിയ പുട്ടുകുറ്റി തുടങ്ങിയ ഉൽപന്നങ്ങൾ. അടുക്കള ഉപകരണങ്ങൾ എല്ലാം തന്നെ വേഗത്തിൽ വിറ്റഴിഞ്ഞു.. മുള, ചിരട്ട, ചൂരൽ ഉപകരണങ്ങൾ മഞ്ഞളും ഉലുവയും ചേർത്ത് ട്രീറ്റ് ചെയ്ത ശേഷം പുകയത്ത് ഉണക്കിയെടുക്കും. ഏകദേശം ഒന്നര മാസം ട്രീറ്റ് ചെയ്ത








ഉപകരണങ്ങളാണ് വിപണനത്തിന് തയ്യാറാവുന്നത്.

2018ലുണ്ടായ പ്രളയത്തിൽ യൂണിറ്റിലെ യന്ത്രോപ കരണങ്ങളെല്ലാം നശിച്ചു പോയെങ്കിലും ആത്മവിശ്വാസം കൈവിടാൻ ഷീജ തയ്യാറായില്ല. അതിനു ഫലവും കണ്ടു. ഇപ്പോൾ ഡൽഹി, മൈസൂർ, ബാംഗ്ളൂർ, ഊട്ടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഓർഡറുകൾ ലഭിക്കുന്ന ഒരു മികച്ച സംരംഭമായി ഷീജയുടെ പ്രയത്നം മാറിയിട്ടുണ്ട്. ബാംബൂ ക്രാഫ്റ്റിൽ പരിശീലനം നേടിയ മൂന്ന് സ്ത്രീകളും ഷീജയോടൊപ്പം പ്രവർത്തിക്കുന്നു. അങ്ങനെ അവർക്കും വരുമാനം നേടിക്കൊടുക്കാൻ ഷീജയ്ക്ക് കഴിയുന്നു. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ മികച്ച സംരംഭകയായ ഷീജക്ക് ആലപ്പുഴ ജില്ലാ മിഷന്റെ ആദരവും ലഭിച്ചിട്ടുണ്ട്.

കല്ലൂർ വഞ്ചി, കാട്ടുകുന്തിരിക്കം, കാട്ടുതേൻ, ശതാവരി കിഴങ്ങ്, പുൽത്തൈലം, വൻതേൻ, ചെറുതേൻ തുടങ്ങി നിരവധി ശുദ്ധമായ വനവിഭവങ്ങൾ മേളയിൽ ഉണ്ടായിരുന്നു. കൂടാതെ കസ്തൂരി മഞ്ഞളും കാട്ടു ചേനയും. പത്തനംതിട്ട







കോയിപ്രം ബ്ളോക്കിലെ എഴുമറ്റൂർ സി.ഡി.എസിലെ 'കാനനം' സംരംഭ യൂണിറ്റിലെ സുജാത ചന്ദ്രനാണ് ഔഷധഗുണമുള്ള വനവിഭവങ്ങളുമായി മേളയിലെത്തിയത്.

ഗോവയിൽ നിന്നും മൂന്ന് സ്റ്റാളുകളാണ് മേളയിൽ കരകൗശല വസ്തുക്കൾ പ്രദർശിപ്പിച്ച് കയ്യടി നേടിയത്. നെറ്റിപ്പട്ടത്തിന്റെ പ്രൗഢി ഒരുക്കി ആലപ്പുഴയിൽ നിന്നുള്ള ജെ ആർ പി ക്രാഫ്റ്റ്സും, പത്തനംതിട്ടയിലെ ശ്രീവല്ലഭ നെറ്റിപട്ടം യൂണിറ്റും കാണികളെ അതിശയിപ്പിച്ചു.

സരസ് മേള കാണാൻ എത്തിയ സന്ദർശകരെ ഒരു പൂക്കാലം തന്നെ ഒരുക്കി വരവേറ്റു ഗോവയിലെയും, ഹിമാചൽ പ്രദേശിലെയും, ജാർഖണ്ഡിലെയും, അസാമിലെയും സംരംഭകർ. വിവിധ നിറത്തിലും, വലുപ്പത്തിലും, ആകൃതിയിലും വൈവിധ്യമാർന്ന പൂക്കൾ ഗൃഹാലങ്കാരത്തിന് ഏറ്റവും അനുയോജ്യമാണ് എന്നതാണ് സവിശേഷത. പശ്ചിമ ബംഗാളിൽ നിന്നും എത്തിയ ആശിഷും മൂഷുമിയും ഒരുക്കിയത് ആർട്ടിഫിഷൽ ഹാൻഡ് മെയ്ഡ് ഡ്രൈ ഫ്ളവർ യൂണിറ്റിന്റെ തുണികൊണ്ടും, പ്ലം ട്രീകൊണ്ടുമുള്ള പൂച്ചെടികൾ ആണ്.

ഹരിയാനയിൽ നിന്നുള്ള ഗിന്നിയുടെ നേതൃത്വത്തിലുള്ള 'ദുർഗ്ഗാ' യൂണിറ്റിന്റെ സ്റ്റാളിലും കമലേഷിന്റെ 'നാരീശക്തി' യൂണിറ്റിന്റെ സ്റ്റാളിലും നൂറു ശതമാനം കൈകൊണ്ട് നിർമ്മിച്ച ചെരുപ്പുകളായിരുന്നു താരങ്ങൾ. രാജസ്ഥാനിൽ നിന്ന് എത്തിയ ഈറാദേവിയുടെ "ജയ് ഗണെഷ് യൂണിറ്റ്, ഹേമലതയുടെ ഇന്ദ്ര മഹീന്ദ്ര യൂണിറ്റ്, എന്നിവരും സമാന ഉല്പന്നങ്ങൾ വിറ്റഴിച്ചു.

## ഫുഡ് കോർട്ടിൽ ചിക്കൻ മാപ്പിളയും വനസുന്ദരിയും

സരസ് മേളയിലെ ഫുഡ് കോർട്ടിൽ സർവകാല റിക്കോർഡ് വിൽപനയായിരുന്നു. കഫെ കുടുംബശ്രീ ആണു ഫുഡ് കോർട്ട് ഒരുക്കിയത്. പാലക്കാട് രാമശ്ശേരി ഇഡ്ഢലി, കാസർകോടിന്റെ സ്വന്തം ചിക്കൻ മാപ്പിള,

ഇടുക്കി ജില്ലയുടെ രുചി വിഭവങ്ങളിലൊന്നായ പിടിയും കോഴിയും, കോഴിക്കോടിന്റെ കിളിക്കൂട്, കരിഞ്ജീരക കോഴി, കോട്ടയത്തിന്റെ കപ്പയും മീൻ കറിയും കൂടാതെ വൈവിധ്യമാർന്ന പലഹാരങ്ങളും ഫുഡ് കോർട്ടിൽ ലഭ്യമായിരുന്നു. ജമ്മുകശ്മീരിൽ നിന്നുള്ള വസ്വാൻ ചിക്കൻ, തെലുങ്കാനയുടെ സ്പെഷൽ ദം ബിരിയാണി, കർണാടകയിൽ നിന്നും ആറോളം വിവിധയിനം ദോശകൾ എന്നിവയെല്ലാം ഭക്ഷണ പ്രേമികളുടെ മനം കവർന്നു.

അട്ടപ്പാടിയിലെ പട്ടികവർഗ മേഖലയിൽ നിന്നുള്ള സംരംഭകർ ചിക്കനും മറ്റു ചേരുവകളും ചേർത്ത് തനതു രീതിയിൽ തയ്യാറാക്കുന്ന വിഭവമാണ് വനസുന്ദരി. എണ്ണ ചേർക്കാതെ പാകം ചെയ്യുന്നു എന്നതാണ് പ്രത്യേകത. മേള ആരംഭിച്ചതു മുതൽ ഫുഡ്കോർട്ടിൽ ചൂടപ്പം പോലെ വിറ്റഴിയുന്ന ഇനങ്ങളിലൊന്നായി ഇത്. വയനാട്ടിലെ സംരംഭകർ തയ്യാറാക്കുന്ന മുളയരി പായസവും ഭക്ഷണ പ്രേമികളുടെ മനം കവർന്നു. വയനാടിന്റെ സ്പെഷ്യൽ വിഭവങ്ങളായ പോത്തിൻകാലും നെയ്പത്തിരി കോമ്പോയും പഴശിക്കൂട്ടുപുഴുക്കും കൽപ്പറ്റയിൽ നിന്നുള്ള കുടുംബശ്രീ സംരംഭമായ 'അനൂസിലെ സോണി, താഹിറ, ഷരീഫ്, ബുഷ്റ, ജസീല എന്നിവർ മേളയിൽ വിളമ്പി. ഇതു കൂടാതെ വയനാടൻ ദംബിരിയാണി, ചിക്കൻ പെരട്ട്, നെയ്പത്തിരി, ഒറോട്ടി, കൊള്ളി തുടങ്ങിയ നിരവധി വിഭവങ്ങളും ഇവരുടെ സ്റ്റാളിൽ ലഭ്യമായി.





## 17 കോടിയിലധികം വരുമാനം

ജനുവരി 31 നു സരസ് മേള 2025 സമാപിച്ചു. സ്റ്റാളുകളിൽ നിന്നും 15.52 കോടിയും ഫുഡ് കോർട്ടിൽ നിന്ന് 2.02 കോടിയും വരുമാനം ലഭിച്ചു. 17.54 കോടി എന്ന കളക്ഷൻ സർവകാല റിക്കോർഡ് ആണു. ഇന്ത്യയിലെ ഗ്രാമീണ ഉത്പന്നങ്ങളെയെല്ലാം ഒരു കുടക്കീഴിൽ അണിനിരത്തി, ഇടത്തട്ടുകാരില്ലാതെ അവയെ ആവശ്യക്കാരിലേയ്ക്ക് എത്തിക്കുക എന്ന ആശയത്തെ പ്രാവർത്തികമാക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രദർശന വിപണന മേളകളാണ് 'സരസ് മേളകൾ'.

ജനുവരി 31 നു സരസ് മേള 2025 സമാപിച്ചു. സ്റ്റാളുകളിൽ നിന്നും 15.52 കോടിയും ഫുഡ് കോർട്ടിൽ നിന്ന് 2.02 കോടിയും വരുമാനം ലഭിച്ചു. 17.54 കോടി എന്ന കളക്ഷൻ സർവകാല റിക്കോർഡ് ആണ്.

ഗ്രാമീണ മേഖലയിലെ അയൽക്കൂട്ടങ്ങൾ/സ്വയംസഹായ സംഘങ്ങൾ, സംരംഭകർ, വിവിധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവരുടെ തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുകയും അതുവഴി ജീവിതപുരോഗതി നേടാൻ അവരെ സഹായിക്കുകയുമാണ് സരസ് മേളയുടെ പ്രധാന ലക്ഷ്യം.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലേയും കേരളത്തിലേയും ഗ്രാമീണ ഉൽപന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുന്നതിനും ഇതിനോടകം നടന്ന സരസ്മേളകൾക്ക് കഴിഞ്ഞിട്ടുണ്ട്. ചെങ്ങന്നൂരിൽ നടന്ന സരസ് മേള 2025 അക്ഷരാർത്ഥത്തിൽ അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റി. കൂടുതൽ കരുത്തോടെ മുന്നേറാനും ആഗോള വിപണി സാധ്യതകൾ കണ്ടെത്താനും സരസ് മേളകൾ കൂടുതൽ പ്രയോജനകരമാകട്ടെ.



**പി.എസ്. സതീഷ് കുമാർ**
വൈസ് പ്രസിഡന്റ്, റാന്നി- അങ്ങാടി ഗ്രാമപഞ്ചായത്ത്

# ലോർഡ് മേയർ ടോം ആദിത്യ– യു.കെ-യിലെ മലയാളി സാന്നിദ്ധ്യം

" ......................................എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇന്ത്യൻ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും ഞാൻ എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവു പ്രയോജന പ്പെടുത്തിയും നിർവ്വഹിക്കുമെന്നും .................. നാമത്തിൽ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യുന്നു".

ഇന്ത്യൻ ജനപ്രതിനിധികൾ നടത്തുന്ന ഈ സത്യപ്ര തിജ്ഞയോട് സമാനതകൾ ഏറെ ഉള്ളതാണ് യു.കെ എന്നു നമ്മൾ വിളിക്കുന്ന യുണൈറ്റഡ് കിങ്ഡത്തിലെ ജനപ്രതിനിധികൾ നടത്തുന്ന സത്യപ്രതിജ്ഞയും. എങ്കിലും ഈ പ്രതിജ്ഞയിലെ ഓരോ വാക്കും പാലിക്ക പ്പെടാനുള്ളതാണ് അനുസരിക്കാനുള്ളതാണ്. അണുവിട വ്യതിചലിക്കാതെ "പ്രതിജ്ഞാലംഘനം ഉണ്ടായാൽ ആ ജനപ്രതിനിധി പടിക്ക് പുറത്താണ്. അയാളെ രക്ഷിക്കാനോ, ന്യായീകരിക്കാനോ ആരും ഉണ്ടാവില്ല. എന്തിന് സ്വന്തം രാഷ്ട്രീയ പാർട്ടിക്കാർ പോലും കൈമലർത്തും. കാരണം ആ ജനപ്രതിനിധി നടത്തിയിരിക്കുന്നത് താൻ അധികാരം ഏറ്റെടുത്തപ്പോൾ ചെയ്ത പ്രതിജ്ഞയുടെ ലംഘനമാണ്. ഇതാണ് യു.കെ-യിലെ ജനപ്രാതിനിധ്യ നിയമത്തിന്റെ അന്തഃസത്ത".

സൗത്ത് വെസ്റ്റ് ഇംഗ്ലണ്ടിലെ ബ്രിസ്റ്റോൾ ബ്രാഡ് ലി സ്റ്റോക്ക് നഗരപിതാവായി ( ലോർഡ് മേയർ) വീണ്ടും തിരഞ്ഞെടുക്കപ്പെട്ട മലയാളിയായ ടോം ആദിത്യ പറഞ്ഞു തുടങ്ങി.

റാന്നി കടവുപുഴയിലെ സ്വന്തം വീടായ ഊരൂരിയ്ക്കൽ ആദിത്യപുരം വീടിന്റെ കോലായിൽ ഇരുന്ന് അദ്ദേഹം മനസ്സ് തുറക്കുകയാണ്. എഴുപത് അംഗ കൗൺസിലിനെ ചലനാത്മകമാക്കുന്നത് എട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളാണ്. ഭരണപ്രതിപക്ഷ ഭേദമന്യേ മുഴുവൻ കൗൺസിലർമാരും ഈ കമ്മിറ്റികളിൽ അംഗങ്ങൾ ആയിരിക്കും. വയോജന ങ്ങളുടെയും നിരാലംബരുടെയും ക്ഷേമത്തിനായുള്ള പോളിസി കമ്മിറ്റി, ശിശുക്കളുടെയും യുവജനങ്ങളുടെയും ക്ഷേമത്തിനായുള്ള കമ്മിറ്റി, സാമ്പത്തിക കാര്യ സമിതി, പരിസ്ഥിതി സംരക്ഷണ സമിതി, ഗൃഹ നിർമ്മാണം സാമൂഹ്യ പാർപ്പിട സംവിധാനം എന്നിവയുടെ നിയന്ത്രണ ത്തിനും മേൽനോട്ടങ്ങൾക്കും ഉള്ള സമിതി, പൊതു ജനാരോഗ്യ സംരക്ഷണ സമിതി, ബഡ്ജറ്റ് കൺട്രോൾ



കമ്മിറ്റി പിന്നെ ഗതാഗത സംവിധാനങ്ങളുടെ ചുമതലയുള്ള ട്രാൻസ്പോർട്ട് ആൻഡ് കണക്ടിവിറ്റി കമ്മിറ്റിയുമാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ.

വയോജനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പരിഗണന നൽകുന്ന കൗൺസിൽ അർഹതയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ഭക്ഷണവും പെൻഷനും വസ്ത്രങ്ങളും യഥാസമയം മരുന്നുകളും പരിചരണവും നൽകി ചേർത്തുപിടിക്കുന്നു.

മാലിന്യസംസ്കരണം അവിടെയും വലിയ പ്രശ്നം തന്നെയാണ്. എങ്കിലും ശാശ്വതപരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ജൈവ അജൈവ മാലിന്യങ്ങൾ സംഭരിക്കും. ഇതിനായുള്ള യൂസർഫീ കൂടി കണക്കാക്കിയാണ് കെട്ടിട നികുതി നിശ്ചയിച്ചിരിക്കുന്നത്. മാലിന്യസംസ്കരണം

**പ്രതിജ്ഞാലംഘനം ഉണ്ടായാൽ ആ ജനപ്രതിനിധി പടിക്ക് പുറത്താണ്. അയാളെ രക്ഷിക്കാനോ, ന്യായീകരിക്കാനോ ആരും ഉണ്ടാവില്ല.**

സംബന്ധിച്ച പ്രവർത്തനങ്ങളുടെ ചുമതല ഏറ്റവും പ്രഗല്ഭനായ കൗൺസിലർക്ക് തന്നെ ആയിരിക്കും. ഓരോ വീടുകളിലെയും സ്ഥാപനങ്ങളിലേയും ജൈവ-അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി നാലും അഞ്ചും ബിന്നുകളാണ് നൽകിയിരിക്കുന്നത്. സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ സംഭരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് പ്രത്യേക യാർഡുകളിൽ എത്തിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളികൾ ഓരോ വീടുകളിലും സ്ഥാപനങ്ങളിലും എത്തി ബിന്നുകളിൽ നിന്നും മാലിന്യങ്ങൾ സംഭരിക്കും. ഇതിനായി കോർപ്പറേഷൻ പ്രത്യേക വാഹനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ സംസ്ക്കാരം വിദ്യാർത്ഥി കാലയളവ് മുതൽ പാഠ്യപദ്ധതിയുടെ ഭാഗമായി പഠിച്ച പൊതുസമൂഹം ഇക്കാര്യങ്ങളോടെല്ലാം പരിപൂർണ്ണമായി സഹകരിക്കുകയും ചെയ്യുന്നു.

പിന്നെ ഏറ്റവും ശ്രേഷ്ഠമായ മറ്റൊരു കാര്യം പൊതുപ്രവർത്തകൻ നൂറ് ശതമാനവും സാമൂഹ്യ പ്രതിബദ്ധതയുള്ള ആൾ ആയിരിക്കും എന്നതാണ്. പൊതുമുതൽ സംരക്ഷിക്കുന്ന കാര്യത്തിൽ അങ്ങേയറ്റം ജാഗ്രതയാണ് അവിടെ പൊതുപ്രവർത്തകർ പുലർത്തുന്നത്. ജനങ്ങളുടെ നികുതിപ്പണം ധൂർത്തടിക്കാൻ ഉള്ളതല്ലെന്നും പൊതുപ്രവർത്തകൻ ജനങ്ങളോട് അങ്ങേയറ്റം കടപ്പെട്ടവനാണെന്നും മനസ്സിലാക്കിയാണ് ഓരോ കൌൺസിലർമാരുടെയും പ്രവർത്തനം. തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ യാതൊരുവിധ രാഷ്ട്രീയ പക്ഷഭേദവും കൂടാതെ കൌൺസിലർമാർ ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നു. മേയറായ താൻ എല്ലാ ദിവസവും സ്വന്തം വാഹനത്തിലാണ് കോർപ്പറേഷനിലെത്തുന്നത്. കോർപ്പറേഷനിലെത്തി ഔദ്യോഗിക യാത്രകൾക്ക് മാത്രം മേയറുടെ വാഹനം ഉപയോഗിക്കാം അതാണവിടുത്തെ ചട്ടം.

കൺസർവേറ്റീവ് ആൻറ് യൂണിയനിസ്റ്റ് പാർട്ടിയും ലേബർ പാർട്ടിയുമാണ് പ്രധാന രാഷ്ട്രീയ പാർട്ടികൾ. ഈ പാർട്ടികളിൽ പ്രവർത്തിച്ച് ഏറ്റവും ജനക്ഷേമകരമായി ഭരിക്കാൻ താല്പര്യവും കഴിവും ഉണ്ടെന്നു തെളിയിക്കുന്നവരെയാണ് അവിടെ ഇരു പാർട്ടികളും സ്ഥാനാർത്ഥികളാക്കുന്നത്. വിദ്യാഭ്യാസ യോഗ്യത മുതൽ പൂർവ്വകാല സാമൂഹ്യ പ്രവർത്തനം വരെ ഇക്കാര്യത്തിൽ ഇവിടെ യോഗ്യതാ മാനദണ്ഡങ്ങളായി മാറുന്നു. സ്ഥാനാർത്ഥി നിർണ്ണയത്തിനായി ഓരോ പാർട്ടിയും സ്വന്തം അണികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കും. വിദഗ്ദ്ധ സമിതി ഇവർക്കായി ഇന്റർവ്യൂ നടത്തും. തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് , വികസന നയങ്ങളെക്കുറിച്ച്, പുത്തനാശയങ്ങളെക്കുറിച്ച് എല്ലാം ഇന്റർവ്യൂവിൽ വിദഗ്ദ്ധ സമിതി ചോദിച്ചറിയും. തുടർന്ന് മെരിറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ ആയിരിക്കും സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുക. താൻ ആദ്യം മത്സരരംഗത്തെത്തുമ്പോൾ ഇരുപതു പേരാണ് സ്ഥാനാർത്ഥിയാകാനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് കൺസർവേറ്റീവ് ആന്റ് യൂണിയനിസ്റ്റ് പാർട്ടി നേതാവുകൂടിയായ ടോം ആദിത്യ വ്യക്തമാക്കി.

ഓഡിറ്റിങ്ങിന് വിധേയമാകണം എന്ന സവിശേഷതയും യു.കെ-യുടെ നിയമം അനുശാസിക്കുന്നു. കാലാകാലങ്ങളിൽ നടക്കുന്ന പരിശീലനങ്ങളിൽ കൌൺസിലർമാർ നിർബ്ബന്ധമായും പങ്കെടുത്തിരിക്കണം. അല്ലെങ്കിൽ കൃത്യമായ മറുപടി സോഷ്യൽ ഓഡിറ്റിങ്ങിൽ പറയേണ്ടി വരും. ഒപ്പം കൗൺസിൽ സഭയിലെ ഓരോ കൗൺസിലർമാരുടെയും ഓരോ ചർച്ചകളിലുമുള്ള ഇടപെടലുകൾ, ഉന്നയിച്ച വിഷയങ്ങൾ, ബില്ലുകൾ, സബ്മിഷനുകൾ എന്നിവയെല്ലാം ഈ സോഷ്യൽ ഓഡിറ്റിങ്ങിൽ ചർച്ചയാകും. തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാലും ജനപ്രതിനിധി സഭയിലെ കൗൺസിലർമാരുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്കറിയാനുള്ള നിയമ സംവിധാനമാണ് ഈ സോഷ്യൽ ഓഡിറ്റിംഗ് കൊണ്ട് അർത്ഥമാക്കുന്നത്. ഇത് ഓഡിറ്റിങ്ങിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുകയും ചെയ്യും.

1999–ൽ ലണ്ടനിൽ എത്തിയ ടോം ആദിത്യ താൻ താമസമാക്കിയ സ്ഥലത്ത് പരിചയപ്പെട്ട കുറേ വയോധികർക്കായി കോഫി മോർണിംഗ് പ്രോഗ്രാം എന്ന പ്രവൃത്തിയിലൂടെയാണ് പൊതുരംഗത്തെത്തിയത്. തുടർന്ന് രാഷ്ട്രീയ പ്രവർത്തനവും ആരംഭിച്ച അദ്ദേഹം 2011 - മുതൽ ബ്രാഡ്‌ലി സ്റ്റോക്ക് സൌത്ത് വാർഡിൽ നിന്നുള്ള കൗൺസിലറാണ്. ഇത് രണ്ടാം തവണയാണ് ലോർഡ് മേയറായതും.

# പാലിയേറ്റീവ് കെയർ സേവനം സാർവത്രികമാക്കാൻ മാർഗനിർദേശങ്ങൾ

## മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു




പാലിയേറ്റീവ് പരിചരണം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്, ആരോഗ്യ മന്ത്രി വീണാ ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.

മുഖ്യമന്ത്രി പ്രഖ്യാപിച്ച സാർവത്രിക പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ ഒന്നാം ഘട്ട പദ്ധതിയുടെ മാർഗനിർദേശങ്ങൾ യോഗം ചർച്ച ചെയ്ത് അന്തിമ രൂപമാക്കി. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക രജിസ്ട്രേഷൻ നൽകും. ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രഷൻ കൂടി ആവശ്യമാണ്. വോളന്റിയർമാർക്ക് വാർഡ് തലത്തിൽ പരിശീലനം ഉറപ്പാക്കും. അതിന് ശേഷമായിരിക്കും സന്നദ്ധ സേവനത്തിന് നിയോഗിക്കുന്നത്. വിവിധ വകുപ്പുകളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കും.

പാലിയേറ്റീവ് കെയർ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ പ്രകാശനം കഴിഞ്ഞ ദിവസം മുഖ്യമന്ത്രി നിർവഹിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഏകോപിപ്പിച്ച് കൊണ്ട് കിടപ്പ് രോഗികൾക്ക് മികച്ച സാന്ത്വന പരിചരണ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം ഉറപ്പാക്കൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കൽ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കിടപ്പ് രോഗികൾക്ക് പരിചരണത്തോടൊപ്പം മാനസിക-സാമൂഹിക പിന്തുണ ഉറപ്പാക്കാനും പാലീയേറ്റീവ് കെയർ ഗ്രിഡിലൂടെ സാധിക്കും. ഇതിലൂടെ സാന്ത്വന പരിചരണ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താനാകും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രാഗഡേ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബ ശിവറാവു തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# തദ്ദേശസ്ഥാപനങ്ങളിൽ ഡിജിറ്റൽ നവീകരണം കൂടുതൽ കാര്യക്ഷമമാക്കും :

## മന്ത്രി എം ബി രാജേഷ്




സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ നവീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുമെന്ന് തദ്ദേശ സ്വയംഭരണം, പാർലമെന്ററികാര്യം വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. നവീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിന്റെ പ്രകാശനം മസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ എന്ന ലക്ഷ്യത്തിനായി അഴിമതിക്കെതിരെ പരാതി നൽകാനുള്ള സിംഗിൾ വാട്സാപ്പ് നമ്പറും ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു.

രാജ്യത്ത് ആദ്യമായി തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണമായി ഓൺലൈനാക്കി മാറ്റുന്ന സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. ഏപ്രിൽ 10 മുതൽ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും ത്രിതല പഞ്ചായത്തുകളിലും സോഫ്റ്റ് വെയർ വിന്യസിക്കുകയാണ്. സ്മാർട്ട്ഫോൺ ഉപയോഗിച്ച് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട എല്ലാ സേവനങ്ങളും ലോകത്ത് എവിടെ ഇരുന്നും സ്വീകരിക്കാൻ കഴിയുന്ന രീതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ സേവനം ആധുനികവൽക്കരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ കർത്തവ്യങ്ങൾ പുനർനിർവചിക്കപ്പെടുകയാണ്. അടിസ്ഥാന സൗകര്യവികസനം, അവയുടെ പരിപാലനം, അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക, ക്ഷേമപ്രവർത്തനങ്ങൾ നടത്തുക എന്നതിൽ ഉപരിയായി പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടിക്കൽ, രണ്ടാംതലമുറ വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യൽ, സംരംഭകത്വങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികളുമായി തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ടു പോവുകയാണ്. ചുമതലകൾ ഭംഗിയായും ഫലപ്രദമായും കാര്യക്ഷമമായും നിറവേറ്റാൻ പ്രാപ്തമാക്കുന്ന നിലയിൽ ആധുനികവൽക്കരണം തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉടനീളം നടപ്പിലാക്കും.

വകുപ്പിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായാണ് തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങൾ, മിഷനുകൾ, ഏജൻസികൾ, പദ്ധതികൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി വെബ്സൈറ്റ് നവീകരണവും അഴിമതി റിപ്പോർട്ട് ചെയ്യാനുള്ള പൊതുവായ വാട്സാപ്പ് നമ്പറും നടപ്പിലാക്കിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

പൊതുവായ വാട്ട്സ്ആപ്പ് നമ്പറായ **807 806 60 60** ലൂടെ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യാൻ സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയം കേന്ദ്രീകരിച്ച് ഇതിനായി പ്രത്യേക സെല്ലും പ്രവർത്തിക്കും. ലഭിക്കുന്ന പരാതികൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനും പ്രത്യേക മോണിട്ടറിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പ്രിൻസിപ്പൽ സെക്രട്ടറി ഡോ ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്പെഷൽ സെക്രട്ടറി ടി വി അനുപമ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബ ശിവ റാവു, കുടുംബശ്രീ ഡയറക്ടർ എച്ച് ദിനേശൻ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ്, അർബൻ ഡയറക്ടർ സൂരജ് ഷാജി തുടങ്ങിയവർ പങ്കെടുത്തു

# ജില്ലയിലെ ആദ്യ മാലിന്യ മുക്ത പഞ്ചായത്ത് പദവി നേടി മണീട്



എറണാകുളം ജില്ലയിലെ ആദ്യത്തെ മാലിന്യമുക്ത പഞ്ചായത്ത് പദവി സ്വന്തമാക്കി മണീട് ഗ്രാമപഞ്ചായത്ത്. ഹരിത പ്രഖ്യാപനം തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ നിർവഹിച്ചു.

പഞ്ചായത്തും ജനങ്ങളും ഒത്തുചേർന്ന് ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനമാണ് വേണ്ടതെന്ന് ഹരിത പ്രഖ്യാപനം നടത്തിക്കൊണ്ട് സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു. ഹരിത പ്രഖ്യാപനത്തിന്റെ മാനദണ്ഡങ്ങൾ പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സുസ്ഥിരതയോടെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാർച്ച് 30 ന് മുമ്പായി മാലിന്യമുക്ത പ്രഖ്യാപനം നടത്തണമെന്നായിരുന്നു സർക്കാർ നിർദ്ദേശം. എന്നാൽ അതിനും മൂന്ന് ആഴ്ച മുമ്പ് തന്നെ എല്ലാ നടപടികളും പൂർത്തിയാക്കി പ്രഖ്യാപനം നടത്തുന്ന മണീട് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്നും സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു.

ഉദ്യോഗസ്ഥരും പഞ്ചായത്തും പൊതുജനങ്ങളും ഒത്തുചേർന്നുള്ള പ്രവർത്തനം കൊണ്ടാണ് ഇത്തരമൊരു നേട്ടം നേടിയെടുക്കാൻ സാധിച്ചതെന്ന് ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച സ്ഥാപനങ്ങളെ ആദരിച്ചുകൊണ്ട് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ചടങ്ങിൽ ഹരിത ഭവനം സ്റ്റിക്കർ ഉദ്ഘാടനവും പഞ്ചായത്ത് സെക്രട്ടറി കെ അനിമോൾക്ക് നൽകി കളക്ടർ നിർവഹിച്ചു.

ഡോ ബി ആർ അംബേദ്കർ കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ് അദ്ധ്യക്ഷയായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി റ്റി അനീഷ് ശുചിത്വ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, അങ്കണവാടികൾ, അയൽക്കൂട്ടങ്ങൾ എന്നിവയെല്ലാം ഹരിതമായി പ്രഖ്യാപിച്ചു. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളെല്ലാം വാർഡുതല ശുചിത്വ നിർവ്വഹണ സമതിയുടേയും തൊഴിലുറപ്പ് തൊഴിലാളികളുടെയും, സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ വൃത്തിയാക്കി. അറുപതോളം പൊതു സ്ഥലങ്ങളാണ് ഇത്തരത്തിൽ വൃത്തിയാക്കിയത്. വൃത്തിയാക്കിയ സ്ഥലങ്ങളിൽ ചെടികൾ നടുകയും സിസിടിവി സ്ഥാപിക്കുകയും ചെയ്തു.

പഞ്ചായത്തിലെ 48 കിലോമീറ്റർ തോടുകളും, 42 നീർച്ചാലുകളും 36 ജലാശയങ്ങളും ശുചീകരിച്ച് മാലിന്യമുക്തമാക്കി. പഞ്ചായത്തിന് കീഴിലുള്ള ഭവനങ്ങൾക്ക് ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്തു. പൊതു ഇടങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.

അങ്കണവാടികൾ ഉൾപ്പെടെ 56 സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങൾ ആക്കി. ഒമ്പത് വിദ്യാലയങ്ങളും ഒരു ക്യാമ്പസും ഹരിത ക്യാമ്പസ് ആയി മാറ്റുകയും ചെയ്തു. രണ്ട് ടൗണുകൾ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. 250 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. 30 ഹെക്ടർ ഓളം തരിശുഭൂമി കൃഷിക്ക് യോഗ്യമാക്കുകയും ചെയ്തു.

ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കെ ജെ ജോയ്, നവകേരള മിഷൻ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ കോ-ഓഡിനേറ്റർ എസ് ലിജുമോൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ റ്റി എം റെജിന , ജില്ലാ പഞ്ചായത്ത് മെമ്പർ എൽദോ ടോം പോൾ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി കെ പ്രദീപ്, മുളന്തുരുത്തി ബ്ലോക്ക് മെമ്പർ ജ്യോതി രാജീവ്, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ജില്ലാ കോ ഓഡിനേറ്റർ കെ കെ രവി, ഹരിത കേരളം മിഷൻ ബ്ലോക്ക് കോ ഓഡിനേറ്റർ കെ റ്റി രത്നാഭായ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ, ഹരിത കർമ്മ സേന അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.




# വനിതാദിനത്തിൽ സംരംഭകത്വ ആശയക്കൂട്ടായ്മ

അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് സംരംഭകത്വ ആശയ കൂട്ടായ്മ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയുടെയും രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്പ്ളൈഡ് സയൻസിന്റെയും ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് സംരംഭകത്വ വികസനവും യുവതയും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ലാലി മാത്യു അധ്യക്ഷത വഹിച്ചു. സാമൂഹിക സംരംഭക സംഗീതാ അഭയ്, മുതിർന്ന മാധ്യമ പ്രവർത്തക സ്മൃതി പരുതിക്കാട്, കില സീനിയർ ട്രെയിനിങ് കോർഡിനേറ്റർ ദിവ്യാ ഹരിദാസ് എന്നിവർ ചർച്ചയുടെ ഭാഗമായി. LSGD അസിസ്റ്റന്റ് ഡയറക്ടർ കെ. കെ സുബ്രമണ്യൻ, സോഷ്യൽ ജസ്റ്റിസ് കൺസൽട്ടന്റ് മാത്യു.കെ. വർഗീസ്, ജൻഡർ ഇക്യുറ്റി ക്ലബ് കോർഡിനേറ്റർ അമൃതാ ആന്റണി, IDEC കോർഡിനേറ്റർ ആർദ്രാ സി മൈക്കിൽ, വിദ്യാർത്ഥി പ്രതിനിധി ഗായത്രി അനിൽ തുടങ്ങിയവർ സംസാരിച്ചു.









THADDESAKAM (MONTHLY) March 2025
₹30 Annual Subscription ₹360, Published on March 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024




Printed & published and Owned by Seeram Sambasiva Rao I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003, Editor: Deepa K.